# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD.14-456/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുമ്പ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊടുമ്പ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുമ്പ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD.14-456/2022 തീയ്യതി: 07/07/2022

## പാലക്കാട് ജില്ലയിലെ കൊടുമ്പ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊടുമ്പ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2020 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ. സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 04-10-2021 | 21-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 21-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എസ്. പ്രേമാനന്ദ്, ഓഡിറ്റ് ഓഫീസർ
വി.ടി. ഉഷാകുമാരി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
എം.വി. ബീന, സീനിയർ ഗ്രേഡ് ഓഡിറ്റർ
എസ്. ശബ്ന ദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ലിക്സി അലക്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എസ്. ഷൈലജ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 01-11-2020 | 29-12-2020 |
| ധനരാജ്. ആർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീകുമാർ. ജി | സെക്രട്ടറി | 01-04-2020 | 08-06-2020 |
| കാഞ്ചന. കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-06-2020 | 10-06-2020 |
| സജി ജോൺ | സെക്രട്ടറി | 11-06-2020 | 28-06-2020 |
| പ്രീത പി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-09-2020 | 04-10-2020 |
| സജി ജോൺ | സെക്രട്ടറി | 05-10-2020 | 01-03-2021 |
| ബിന്ദു വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കാഞ്ചന. കെ | അസി. സെക്രട്ടറി | 01-04-2020 | 10-06-2020 |
| അനിത നാരായണൻ | അസി. സെക്രട്ടറി | 11-06-2020 | 14-06-2020 |
| ബിന്ദു വി | അസി. സെക്രട്ടറി | 15-06-2020 | 31-03-2021 |
| നന്ദകുമാർ. എ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| രചന. ആർ | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. മേരി ജ്യോതി വിൽസൺ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 04-07-2020 |
| ഡോ. രശ്മി സൂസൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 05-07-2020 | 31-03-2021 |
| ഡോ. സ്മിത | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ. ദേവദാസ്. എം | വെറ്റിനറി സർജൻ | 01-04-2020 | 09-09-2020 |
| ഡോ. ജയകൃഷ്ണൻ. ടി.ആർ | വെറ്റിനറി സർജൻ | 10-09-2020 | 31-03-2021 |
| ഷൈലജ. എ | പ്രധാനാധ്യാപിക | 01-04-2020 | 31-03-2021 |
| ഷിൻസി. എൻ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| അനിത. എ. എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

ഇതേ കാലയളവിൽ (4.10.21 മുതൽ 21.10.2021 വരെയുള്ള തീയതികളിൽ) 2019-20 വർഷത്തെ

ഓഡിറ്റ് കൂടി നടത്തിയിട്ടുണ്ട്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: V.T. Ushakumari (Asst. Audit Officer, On 25-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-1 |
| 2 | ബജറ്റ് രൂപീകരണ പ്രക്രിയ-അവലോകനം<br>Written By: V.T. Ushakumari (Asst. Audit Officer, On 25-10-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 25-10-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: S.Sabna Das (Senior Grade Auditor, On 24-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-2 |
| 4 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: Lixy Alex (Auditor, On 30-10-2021) | 1-2-1 |
| 5 | ചെക്കുകൾ കാലാവധിക്ക് ശേഷവും വരവിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: Lixy Alex (Auditor, On 24-10-2021) | 1-2-2 |
| 6 | പഞ്ചായത്തിൽ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റെകൺസിലിയേഷൻ നടത്തിയിട്ടില്ല<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: Lixy Alex (Auditor, On 23-10-2021) | 1-2-3 |
| 7 | ബാങ്ക് അക്കൗണ്ട് സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Lixy Alex (Auditor, On 24-10-2021)<br>Last Updated By: Lixy Alex (Auditor, On 24-10-2021) | 1-2-4 |
| 8 | പാസ്ബുക്കിലെ ബാലൻസ് ബാങ്ക്ബുക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Lixy Alex (Auditor, On 24-10-2021)<br>Last Updated By: Lixy Alex (Auditor, On 24-10-2021) | 1-2-5 |
| 9 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: S.Sabna Das (Senior Grade Auditor, On 04-11-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 04-11-2021) | 1-2-6 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: S. Premanand (Audit Officer, On 07-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-3 |
| 11 | ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 08-02-2022)<br>Last Updated By: S. Premanand (Audit Officer, On 28-06-2022) | 1-4 |
| 12 | പദ്ധതി അവലോകനം<br>Written By: S. Premanand (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: V.T. Ushakumari (Asst. Audit Officer, On 09-02-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 09-02-2022) | 1-6 |
| 14 | ക്ഷേമപദ്ധതികൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 09-02-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 09-02-2022) | 1-7 |
| 15 | ക്യാഷ് പരിശോധന<br>Written By: S. Premanand (Audit Officer, On 09-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം<br>Written By: S. Premanand (Audit Officer, On 15-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| | Written By: S. Premanand (Audit Officer, On 09-02-2022)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | |
| 18 | ഗ്രാമസഭ<br>Written By: S.Sabna Das (Senior Grade Auditor, On 26-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | 1-11 |
| 19 | പഞ്ചായത്തിലെ തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 21-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | 1-12 |
| 20 | പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: Lixy Alex (Auditor, On 21-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | 1-12-1 |
| 21 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 21-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | 1-12-2 |
| 22 | പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഈടാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 21-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | 1-12-3 |
| 23 | പഞ്ചായത്ത് പരിധിയിലെ റേഷൻകടകളിൽ നിന്നും ക്ഷീരോദ്പാദക സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: Lixy Alex (Auditor, On 21-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | 1-12-4 |
| 24 | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | 1-12-5 |
| 25 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ചിരിക്കുന്നതിനാൽ നഷ്ടം ഉണ്ടായിരിക്കുന്നു<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 23-03-2022) | 1-13 |
| 26 | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: Lixy Alex (Auditor, On 23-10-2021) | 1-13-1 |
| 27 | വാടകയുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 23-03-2022) | 1-14 |
| 28 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | 1-15 |
| 29 | ലൈസൻസിനായുള്ള അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തുന്നില്ല<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 23-03-2022) | 1-15-1 |
| 30 | പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | 1-15-2 |
| 31 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല.<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | 1-15-3 |

| | | |
|---|---|---|
| 32 | ക്ഷീരോദ്പാദകസഹകരണസംഘം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു<br>Written By: Lixy Alex (Auditor, On 23-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | 1-15-4 |
| 33 | വെള്ളക്കരം -കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Lixy Alex (Auditor, On 24-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | 1-16 |
| 34 | തനത് ഫണ്ടിൽ നിന്നുള്ള പദ്ധതികളുടെ ചെലവ് വിവരങ്ങൾ 'സുലേഖ' യിൽ രേഖപ്പെടുത്തിയില്ല.<br>Written By: V.T. Ushakumari (Asst. Audit Officer, On 25-10-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 25-10-2021) | 1-17 |
| 35 | പി.ബി.ഐ.ജി ഫണ്ട് വിനിയോഗത്തിലെ അപാകങ്ങൾ<br>Written By: V.T. Ushakumari (Asst. Audit Officer, On 25-10-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 25-10-2021) | 1-18 |
| 36 | വൗച്ചറുകളുടെ സൂക്ഷിപ്പിൽ അപാകങ്ങൾ- മേൽ നോട്ടം കാര്യക്ഷമമാക്കണം.<br>Written By: V.T. Ushakumari (Asst. Audit Officer, On 25-10-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 26-10-2021) | 1-19 |
| 37 | പദ്ധതി രൂപീകരണത്തിലെ അപാകങ്ങൾ-സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല.<br>Written By: V.T. Ushakumari (Asst. Audit Officer, On 26-10-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-20 |
| 38 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല-4900/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.<br>Written By: V.T. Ushakumari (Asst. Audit Officer, On 26-10-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 26-10-2021) | 1-21 |
| 39 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി<br>Written By: S.Sabna Das (Senior Grade Auditor, On 26-10-2021)<br>Last Updated By: S.Sabna Das (Senior Grade Auditor, On 26-10-2021) | 1-22 |
| 40 | സുഭിക്ഷകേരളം പദ്ധതി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.<br>Written By: M.V.Beena (Senior Grade Auditor, On 29-10-2021)<br>Last Updated By: M.V.Beena (Senior Grade Auditor, On 29-10-2021) | 1-23 |
| 41 | കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ റിപ്പയർ-പ്രൊജക്ട് രൂപീകരിക്കാതെ തുക ചെലവഴിച്ചു.<br>Written By: V.T. Ushakumari (Asst. Audit Officer, On 31-10-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 31-10-2021) | 1-24 |
| 42 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം<br>Written By: V.T. Ushakumari (Asst. Audit Officer, On 31-10-2021)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 31-10-2021) | 1-25 |
| 43 | പി.എച്ച്.സി. സബ് സെന്ററുകൾക്ക് കമ്പ്യൂട്ടറുകൾ ലഭ്യമായില്ല<br>Written By: M.V.Beena (Senior Grade Auditor, On 24-10-2021)<br>Last Updated By: S. Premanand (Audit Officer, On 15-02-2022) | 1-26 |
| 44 | 2020-21 വർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കണം<br>Written By: S. Premanand (Audit Officer, On 14-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-27 |
| 45 | പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിലും തുക മാറുന്നതിലും നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: S. Premanand (Audit Officer, On 13-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-28 |
| 46 | ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല – തുക തടസപ്പെടുത്തുന്നു<br>Written By: S. Premanand (Audit Officer, On 14-02-2022) | 1-29 |

| | | |
|---|---|---|
| | Last Updated By: S. Premanand (Audit Officer, On 28-06-2022) | |
| 47 | പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് - പ്രവൃത്തി പൂർത്തീകരിച്ച് വരുമാനം ഉറപ്പാക്കണം<br>Written By: S. Premanand (Audit Officer, On 15-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 09-02-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 07-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 11-02-2022)<br>Last Updated By: S. Premanand (Audit Officer, On 11-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 11-02-2022)<br>Last Updated By: S. Premanand (Audit Officer, On 28-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 11-02-2022)<br>Last Updated By: S. Premanand (Audit Officer, On 11-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: S. Premanand (Audit Officer, On 11-02-2022)<br>Last Updated By: S. Premanand (Audit Officer, On 11-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: S. Premanand (Audit Officer, On 11-02-2022)<br>Last Updated By: S. Premanand (Audit Officer, On 11-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S. Premanand (Audit Officer, On 13-02-2022)<br>Last Updated By: S. Premanand (Audit Officer, On 13-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: S. Premanand (Audit Officer, On 13-02-2022)<br>Last Updated By: S. Premanand (Audit Officer, On 13-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: S. Premanand (Audit Officer, On 14-02-2022)<br>Last Updated By: S. Premanand (Audit Officer, On 14-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S. Premanand (Audit Officer, On 15-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: S. Premanand (Audit Officer, On 16-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 07-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

16-03-2020 -ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ച 18-2-2021 ലെ തീരുമാനം നം. 2(1) പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 1,47,41,686 |
| പ്രതീക്ഷിത വരവ് | 21,09,03,352 |
| ആകെ | 22,56,45,038 |
| പ്രതീക്ഷിത ചെലവ് | 22,39,42,368 |
| പ്രതീക്ഷിത നീക്കിയിരിപ്പ് | 17,02,670 |

### 1-1-1 ബജറ്റ് രൂപീകരണ പ്രക്രിയ-അവലോകനം

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്.

പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കൊടുമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2020-21സാമ്പത്തിക വർഷത്തേക്ക് തയ്യാറാക്കിയ ബജറ്റ് പരിശോധിച്ചു. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ട്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. എന്നാൽ തനത് ഫണ്ട് വകയിരുത്തിയ പദ്ധതികൾ നടപ്പിലാക്കുന്നതിൽ സമയബന്ധിതമായ മേൽനോട്ടം ഉണ്ടായിട്ടില്ല. ബജറ്റ് മാന്വൽ ഖണ്ഡിക 4-3 പ്രകാരം, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തേണ്ടതുണ്ട്. എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രതി മാസ ബജറ്റ് അവലോകനം നടത്തിയിട്ടില്ല. ബജറ്റ് മാന്വൽ ഖണ്ഡിക 4-5 പ്രകാരം നിഷ്കർഷിക്കുന്ന തുടർ നടപടികളും ഉണ്ടായിട്ടില്ല.

ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിലും ബജറ്റ്മുഖേനയുള്ള സാമ്പത്തിക നിയന്ത്രണത്തിലും കൂടുതൽ ശ്രദ്ധയും ദീർഘവീക്ഷണവും ഉണ്ടായെങ്കിൽ മാത്രമേ വരും വർഷങ്ങളിൽ വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ബജറ്റ് രൂപീകരണത്തിലും തുടർ പ്രവർത്തനങ്ങളിലും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 10.06.2021 | - | - |

1-2-1 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

വസ്തുനികുതി - വാർഷികധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ രജിസ്റ്ററുകളിലെ സംക്ഷിപ്തവുമായി പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി സംബന്ധിച്ച് വാർഷികധനകാര്യപത്രികയിലെ രേഖപ്പെടുത്തൽ രജിസ്റ്ററിലെ സംക്ഷിപ്തവുമായി പൊരുത്തപ്പെടുന്നില്ല. മേൽ അപാകത സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ (നം.18, 16-10-2021)ന് , ചില കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം മൂലമാണ് അപ്രകാരം സംഭവിച്ചതെന്നും ടി രജിസ്റ്ററുകൾ ക്രമപ്പെടുത്തി നല്കുന്നതാണെന്നും അധികൃതർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയവ ക്രമപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-2-2 ചെക്കുകൾ കാലാവധിക്ക് ശേഷവും വരവിൽ ഉൾപ്പെടുത്തിയിട്ടില്ല

എ.)പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്കിന്റെ 2021 മാർച്ച് മാസത്തിലെ റെകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ 3 മാസത്തെ കാലാവധി കഴിഞ്ഞ താഴെപ്പറയുന്ന ചെക്കുകൾ Stale Cheques ആയി വാർഷികധനകാര്യപത്രികയിൽ വരവിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

| തിയതി | ചെക്ക് നം. | തുക |
|---|---|---|
| 07-10-2020 | 363517 | 3000 |
| 18-8-2020 | 14805 | 1000 |
| 24-07-2020 | 14733 | 1000 |
| 19-10-2019 | 5823 | 927 |

ബി.)Corporation Bank – മാർച്ച് 2021 റെകൺസിലിയെഷൻ പത്രികയിൽ 3 മാസത്തെ കാലാവധി യെത്തിയ താഴെപ്പറയുന്ന ചെക്കുകൾ Stale Cheques ആയി വരവിൽ രേഖപ്പെടുത്തിയിട്ടില്ല.

| തിയതി | ചെക്ക് നം. | തുക |
|---|---|---|
| 09-10-2020 | 14832 | 1000 |
| 8-5-2020 | 373106 | 4900 |

ഇത് സൂചിപ്പിച്ചു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ആയത് ഉടൻ തന്നെ രേഖപ്പെടുത്തി അക്കൗണ്ടിൽ വരവു വരുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് രേഖപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം-18 ,16-10-2021).

1-2-3 പഞ്ചായത്തിൽ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റെകൺസിലിയേഷൻ നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ, 2011 ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസവസാനവും പൊരുത്തപ്പെടുത്തി അടുത്ത മാസം അഞ്ചാം തിയതിക്കകം അക്കൗണ്ടന്റ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

കൊടുമ്പ് പഞ്ചായത്തിൽ വിവിധ ബാങ്ക് അക്കൗണ്ടുകൾ ഓരോ മാസവും റെകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ(നം.18, 16-10-2021) ത്തിന് തുടർച്ചയായി ലോക്കൽ സാംഖ്യയിൽ വരുന്ന പ്രശ്നങ്ങൾ മൂലമാണ് അപ്രകാരം സംഭവിച്ചിട്ടുള്ളതെന്നും കൃത്യമായ രേഖകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുമെന്നും മറുപടിയായി നല്കിയിട്ടുണ്ട്.

1-2-4 ബാങ്ക് അക്കൗണ്ട് സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിന് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിലവിലുള്ള അക്കൗണ്ടായ PFMS അക്കൗണ്ട് – (അക്കൗണ്ട് നം.-853510110007551 – അക്കൗണ്ട് ആരംഭിച്ച തിയതി: 19-03-2021 ) സാംഖ്യയിൽ ഉൾപ്പെടുത്തി

കാണുന്നില്ല. ആയത് സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ(നം.18, 16-10-2021) ത്തിന് മറുപടിയായി , ടി അക്കൗണ്ട് സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

### 1-2-5 പാസ്ബുക്കിലെ ബാലൻസ് ബാങ്ക്ബുക്കുമായി പൊരുത്തപ്പെടുന്നില്ല

Treasury Special TSB – Joint Venture അക്കൗണ്ടിൽ ബാലൻസ് തുക പാസ്ബുക്ക് പ്രകാരം 1000000 രൂപയാണ്. ടി അക്കൗണ്ടിന്റെ 31-3-2021 തിയതിയിലെ റെകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം അക്കൗണ്ടിൽ 3701690 രൂപയാണ് (Redemption Amount) ഉള്ളത് . വാർഷിക ധനകാര്യപത്രികയിലെ R&P 40(b) ക്ലോസിംഗ് ബാലൻസായി കാണിച്ചിരിക്കുന്നത് 3701690 രൂപയാണ്. ആയതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടുക്കൊണ്ട് ഓഡിറ്റ് അന്വേഷണം ( നം.18,16-12-2021) നല്കിയതിനു മറുപടിയായി, 31-03-2021 തിയതിയിൽ സർക്കാർ Redemption തുകയായി 2701690 രൂപ അക്കൗണ്ടിൽ നിന്നും എടുത്തത് രേഖപ്പെടുത്താൻ വിട്ടുപോയതിനാലാണ് അപ്രകാരം സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്.

### 1-2-6 വാർഷിക കണക്കിലെ അപാകങ്ങൾ

1. പ്രോജക്ട് നം. 313/21 പ്രകാരം PBIG യിൽ നിന്ന് 2366820 രൂപ അടങ്കൽ ഉള്ള പദ്ധതിയിൽ ബയോബിന്നുകൾ ലഭ്യമാക്കുന്നതിനായി Advance To IRTC എന്ന ഹെഡിൽ 1183410 രൂപ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററിന് അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്. ആയത് ബാലൻസ് ഷീറ്റിൽ ബി-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. 1183410 രൂപ അഡ്വാൻസ് ആയി മുണ്ടൂർ ഐ.ആർ.ടി.സി യ്ക്ക് നൽകുകയും പിന്നീട് ആയത് സാനിറ്റൈസേഷൻ & വേസ്റ്റ് മാനേജ്മെന്റ് - പബ്ലിക് എന്ന ഹെഡിൽ ചെലവ് ആയി രേഖപ്പെടുത്തുകയും ചെയ്തു എന്നും ആയതിനാലാണ് ടി തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടാതിരുന്നത് എന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചു. അഡ്വാൻസ് ആയി നൽകിയ തുകയ്ക്കുള്ള ബയോബിന്നുകൾ തൻ വർഷം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക നമ്പർ 1-18 ൽ പരാമർശിച്ചിട്ടുണ്ട്.

2. ലോൺ രജിസ്റ്റർ പ്രകാരമുള്ള KURDFC വായ്പാ തുക തൻവർഷം ലഭിച്ചത്, വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് എന്നീ തുകകൾ വാർഷിക കണക്കിലേതുമായി (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 ) പൊരുത്തപ്പെടുന്നില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ഹെഡ് പ്രകാരം തൊഴിൽ നികുതി - Institutions/Professionals/ Traders , വെള്ളക്കരം എന്നീ വരവിനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. അതാത് ഡിമാന്റ് രജിസ്റ്ററുകളിൽ അഡ്വാൻസ് ആയി ലഭിച്ച തുകയുടെ വിശദാംശങ്ങൾ കൂടി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.25/21-10-2021) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25,181,033 |
| വരവ് | 85765587 |
| ആകെ | 110946620 |
| ചെലവ് | 96717498 |
| നീക്കിയിരിപ്പ് | 14229122 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11155734 | 11155734 | 10,856,282 | 299452 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10994961 | 10994961 | 9,914,281 | 1080680 |
| മെയിന്റനൻസ്, റോഡ് | 0 | 12768000 | 12768000 | 12726466 | 41534 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3785322 | 3785322 | 3,200,103 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 0 | 11006571 | 11006571 | 7,219,368 | 3787203 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - പെർഫോമൻസ് ഗ്രാന്റ് (ടൈഡ്) | 0 | 5310000 | 5310000 | 2,146,859 | 3163141 |
| ജനറൽ പർപസ് ഫണ്ട് | 0 | 10,305,417 | 10,305,417 | 10,305,417 | 0 |

Sourceൽ നിന്നും Deduct ചെയ്ത തുകകളുടെ വിവരങ്ങൾ (2020-21)

| ക്രമ നം. | പ്രൊജക്ട് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 315/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 379600 | Plan (Gl) |
| 2 | 316/21:അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 379600 | Plan (Gl) |
| 3 | 319/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 379600 | Plan (Gl) |
| 4 | 317/21: ലൈഫ് മിഷൻ വായ്പ - മുതൽ തിരിച്ചടവ് | 1047150 | Plan (Gl) |

| | | | |
|---|---|---|---|
| | (ജനറൽ) | | |
| 5 | 320/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (ജനറൽ) | 1455870 | Plan (GI) |
| | വികസന ഫണ്ട് (ജനറൽ) ആകെ | 3641820 | |
| 1 | 318/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (എസ്.സി.പി) | 161020 | Plan (SCP) |
| 2 | 321/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (എസ്.സി.പി) | 161019 | Plan (SCP) |
| | വികസന ഫണ്ട് (എസ്.സി.പി) ആകെ | 322039 | |

പൊരുത്തപ്പെടുത്തൽ :

| | | | |
|---|---|---|---|
| വികസന ഫണ്ട് – ജനറൽ | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 11155734 | 3641820 | 14797554 |
| | ACR പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 10,856,282 | 3641820 | 14498102 |
| | | | |
| വികസന ഫണ്ട് – (എസ്.സി.പി) | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 10994961 | 322039 | 11317000 |
| | ACR പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 9,914,281 | 322039 | 10236320 |

കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| NREGS | Admin | 249 | 1,258,674 | 1258674 | 1254631 | 4043 |
| | EFMS | 0 | 34365218 | 34365218 | 34365218 | |
| | ആകെ | 249 | 35623892 | 35623892 | 35,619,849 | 4043 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS | 706843 | 1666548 | 2373391 | 1161037 | 1212354 |
| TSC | 672583 | 2,366,751 | 3039334 | 1780924 | 1258410 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 1200000 | 150,000 | 1350000 | 794657 | 555343 |
| നിർമൽ പുരസ്കാർ | 242500 | 0 | 242500 | 0 | 242500 |
| വിമുക്തി | 3800 | 0 | 3800 | 0 | 3800 |

മഹാത്മാഗാന്ധി തോഴിലുറപ്പുപദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കമക്കുകൾ പ്രകാരമുള്ളതാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ച മുൻക്കൂർ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. NREGS Cashbook പ്രകാരമുള്ള തുക ഖണ്ഡിക 1-6ൽ ചേർത്തിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 126339017 | 151 | 57700184 | 0 | 41 | 78.65 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതി നിർവ്വഹണത്തിലെ പുരോഗതി:

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 12961272 | 7 | 9263331 | 71.47 |
| വെറ്റിനറി സർജൻ | 3 | 1360000 | 1 | 28763 | 2.11 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 4 | 1109000 | 4 | 829766 | 74.82 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 720000 | 2 | 719432 | 100 |
| വി.ഇ.ഒ | 7 | 94658985 | 3 | 8462085 | 8.94 |
| ICDS സൂപ്പർവൈസർ | 14 | 4981395 | 2 | 4698486 | 94.32 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 32 | 15690634 | 17 | 7084484 | 45.15 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 146 | 56990652 | 126 | 38900103 | 68.26 |
| ഹെഡ് മാസ്റ്റർ | 4 | 777000 | 4 | 690628 | 88.88 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 1035316 | 2 | 929665 | 89.8 |
| ആകെ | 222 | 190284254 | 168 | 71606743 | 37.63 |

അംഗീകാരം ലഭ്യമാക്കുന്ന പ്രൊജക്ടുകൾ അതാതു വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. പ്രൊജക്ടുകൾ ആവിഷ്ക്കരിക്കുമ്പോഴും ഫണ്ട് വകയിരുത്തുമ്പോഴും ശ്രദ്ധയോടെ കാര്യങ്ങൾ തീരുമാനിക്കേണ്ടതാണ്. പദ്ധതി മാർഗരേഖയിലെ മാനദണ്ഡങ്ങൾ പാലിക്കുന്നതിലും പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്. പദ്ധതി ചെലവുകൾ ഓരോ മാസവും അപഗ്രഥിക്കുകയും നടപ്പാക്കാനാകാത്ത പ്രൊജക്ടുകൾക്കുള്ള തുകകൾ മറ്റ് പ്രൊജക്ടുകൾക്ക് വിനിയോഗിക്കുന്ന വിധത്തിൽ ആസൂത്രണം നടത്തുകയും വേണം. 2020-21ൽ ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിക്കാതെ ബാക്കിയായതിന്റെ വിവരം ചുവടെ കടുക്കുന്നു.

| ഫണ്ടിനം | ചെലവഴിക്കാതെ ബാക്കിയായത് |
|---|---|
| വികസന ഫണ്ട്-ജനറൽ | 299452 |
| വികസന ഫണ്ട്-എസ്.സി.പി | 1080680 |
| മെയിന്റനൻസ്, റോഡ് | 41534 |
| മെയിന്റനൻസ്, നോൺ റോഡ് | 585219 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് | 3787203 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – പെർഫോമൻസ് ഗ്രാന്റ് (ടൈഡ്) | 3163141 |
| ആകെ | 8957229 |

സർക്കാരിൽ നിന്നും ലഭ്യമാവുന്ന ഗ്രാന്റുകൾ അതാതുവർഷം തന്നെ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും കൂട്ടായ ശ്രമം ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 249.69 | 2181194 | 2181443.69 | 2177400.30 | 4043.39 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33237172 | 33237172 | 33237172 | 0 |
| ആകെ | 249.69 | 35418366 | 35418615.69 | 35414572.30 | 4043.39 |

(തൻവർഷ വരവ് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ഭരണചെലവിലേക്ക് ലഭ്യമാക്കിയ 9,22,520/-രൂപ ഉൾപ്പെടെയാണ്).

MGNREGSന്റെ കാഷ് ബുക്ക്, ചെക്ക് ഇഷ്യൂരജിസ്റ്റർ, FTO രജിസ്റ്റർ എന്നിവ പ്രകാരം ഉള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. വരവ്, ചെലവ്, മുൻകൂർ, തിരികെ ലഭിച്ചതുകകൾ എന്നിവ കൃത്യമായ ഹെഡുകളിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ AFS പ്രകാരമുള്ള തുകകൾ യഥാർത്ഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.22/20-21

തി.18.10.21) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

## 1-7 ക്ഷേമപദ്ധതികൾ

2020-21 ൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 8,121,900 | 559 |
| 3 | വിധവാ പെൻഷൻ | 13,787,200 | 862 |
| 4 | വാർദ്ധക്യകാല പെൻഷൻ | 22,040,900 | 1457 |
| 5 | വികലാംഗ പെൻഷൻ | 3,826,500. | 254 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 8,33,100 | 52 |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 3,60,000 | 12 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.10.2021ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹10,397/- ( പത്തായിരത്തിമുന്നൂറ്റിപ്പതിനേഴ് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ അനുശാസിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായും ഇതിൽ നിഷ്കർഷിച്ച സമയ ക്രമമനുസരിച്ചും പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രമാ പഞ്ചായത്തിലെ കണക്കുകൾ സൂക്ഷിക്കുന്നതിൽ കൃത്യതയും കണിശതയും കാത്തുസൂക്ഷിക്കേണ്ടതുണ്ട്. പ്രതിമാസ ബാങ്ക് ട്രഷറി റീകൺസിലിയേഷൻ ഓഡിറ്റ് വർഷത്തിൽ നടത്തിയിട്ടില്ല. അതുകൊണ്ടുതന്നെ ഗ്രാമ പഞ്ചായത്ത് അനുവദിച്ചതിൽ പണമാക്കാത്ത ചെക്കുകൾ

യഥാസമയത്ത് സ്റ്റെയിൽ ചെക്കിൽ ഉൾപ്പെടുത്തി തുക വരവുവെക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. കൂടാതെ പാസ് ബുക്കിലെയും ബാങ്ക് ബുക്കിലെയും നീക്കിയിരിപ്പിലെ വ്യത്യാസത്തിന് വ്യക്തമായ വിശദീകരണം രേഖപ്പെടുത്തിവെച്ചിട്ടില്ല. വരവിനങ്ങളും ചെലവിനങ്ങളും ഹെഡ് മാറി പോസ്റ്റ് ചെയ്ത സാഹചര്യത്തിൽ ബാലൻസ് ഷീറ്റിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. വാർഷികക്കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതോടൊപ്പം തന്നെ വരവിനങ്ങളുടെ രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പെർഫോമൻസ് ഓഡിറ്റിന്റെ നിർദ്ദേശങ്ങൾക്ക് മുന്തിയ പരിഗണന നൽകി സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കി സർക്കാരിൽ നിന്നും പദ്ധതി നടപ്പിനായി ലഭ്യമാവുന്ന ഗ്രാന്റുകളുടെ 100% വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്. 2020-21സാമ്പത്തിക വർഷത്തിൽ സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹8957229/- (എൺപത്തൊൻപത് ലക്ഷത്തിയമ്പത്തേഴായിരത്തി ഇരുന്നൂറ്റി ഇരുപത്തൊൻപത് രൂപ) തൻവർഷം ചെലവഴിക്കാനാകാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

നികുതികൾ നിർണ്ണയിക്കുന്നതിലും ലൈസൻസുകൾ അനുവദിക്കുന്നതിലും നടപടിക്രമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. നികിതികൾ പിരിച്ചെടുക്കുന്നത് കാര്യക്ഷമമാകണം.

പദ്ധതിനടത്തിപ്പിനായി മുൻകൂർ പണം നൽകുമ്പോൾ കരാർ ഉടമ്പടി തയ്യാറാക്കുന്നതും കരാർ പ്രകാരം നടപടികൾ ഉറപ്പാക്കുന്നതിലും ശ്രദ്ധിക്കേണ്ടതുണ്ട്.

ചെലവുകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും സർക്കാർ മാർഗനിർദ്ദേശങ്ങൾക്കും വിധേയമാണെന്ന് ഉറപ്പുവരുത്തണം. ചെലവുരേഖകൾ കൃത്യതയോടെ സൂക്ഷിക്കുന്നത് സ്ഥാപനത്തിന്റെ നടത്തിപ്പിലും ഭരണ നിർവ്വഹണത്തിലും സുതാര്യത കാത്തുസൂക്ഷിക്കുന്നതിന് അനിവാര്യമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.07.2021 | 2021 ഏപ്രിൽ മുതൽ ജൂൺ വരെ | 16.07.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.5.2008 To 4.6.2008 | 97-98 മുതൽ 2007- 08 വരെ | 18.7.2008 |

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കിയിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടുചെയ്തവയിൽ രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ നിലനിൽക്കുന്നുണ്ട്.

## 1-11 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. കോവിഡ് സാഹചര്യത്തിൽ 2020-21 വർഷം ഒരു തവണ മാത്രമാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. 2021 ഫെബ്രുവരി മാസത്തിലാണ് എല്ലാ വാർഡുകളിലും ഗ്രാമസഭാ യോഗങ്ങൾ നടന്നത്. 2020-21 ലെ വാർഷിക പദ്ധതി രൂപീകരണവുമായി

ബന്ധപ്പെട്ട നടപടിക്രമങ്ങൾക്കായാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. മിനിറ്റ്സ് ബുക്കുകളിൽ ഹാജർ, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തി ക്ളോസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

## 1-12 പഞ്ചായത്തിലെ തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. കൊടുമ്പ് പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

### 1-12-1 പഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | പ്രീമിയം ഫുഡ്സ് | I,II |
| 2 | കാനറ ബാങ്ക് | I |
| 3 | YES ബാങ്ക് | I,II |
| 4 | കരിങ്കരപ്പുള്ളി പോസ്റ്റ് ഓഫീസ് | I,II |
| 5 | QRS മാർക്കറ്റിംഗ് | II |
| 6 | കഫെ കോഫി | I |
| 8 | പാൽഘാട്ട് പെറ്റ് ബോട്ടിൽസ് | I |
| 9 | ഓലശ്ശേരി പോസ്റ്റ് ഓഫീസ് | I,II |
| 10 | സ്പെഷ്യാലിറ്റി ഡെൻഡൽ ക്ലിനിക് | I,II |
| 11 | ഹൈലക്സ് മഹ്രൂഷത്ത് | I |
| 13 | SITICS ലോജിസ്റ്റിക്സ് | I,II |
| 14 | വിൻപ്രോ ഫുഡ് സ്റ്റഫ്സ് | I,II |
| 15 | AVM സോപ്പ് | I,II |

ആയത് സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.4, 13-10-2021) മറുപടിയായി, ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12-2 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്തിൽ നിന്നും ദിവസവേതനം നല്കുന്ന ജീവനക്കാരുടെ അർദ്ധവർഷ തൊഴിൽനികുതി താഴെക്കൊടുത്തിരിക്കും പ്രകാരമാണ്.

| തസ്തിക | ഒന്നാം അർദ്ധ വർഷ വരുമാനം | രണ്ടാം അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട നികുതി |
|---|---|---|---|
| കമ്മ്യൂണിറ്റി ഹാൾ വാച്ച്മാൻ | 18600 | 63600 | ഒന്നാം അർദ്ധവർഷം-180 രണ്ടാം അർദ്ധവർഷം-600 |
| ജീപ്പ് ഡ്രൈവർ | 39340 | 119405 | ഒന്നാം അർദ്ധവർഷം-300 രണ്ടാം അർദ്ധവർഷം-1000 |
| പമ്പ് ഓപ്പറേറ്റർ 1.അപ്പുണ്ണി 2.മോഹനൻ 3.സ്വാമിനാഥൻ 4.കൃഷ്ണമൂർത്തി | 13950 13950 13950 13950 | 27150 22500 27150 27150 | ഒന്നാം അർദ്ധവർഷം-120 രൂപ വീതം രണ്ടാം അർദ്ധവർഷം-180 രൂപ വീതം |

മേൽ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണ (നം.4, 13-10-2021) ത്തിന് മറുപടിയായി, പമ്പ് ഓപ്പറേറ്റർമാരുടെ തൊഴിൽനികുതി 20-10-2021 തിയതിയിലെ 121010102542, 121010102541, 121010102538, 121010102527 എന്നീ രസീതികൾ മുഖാന്തിരം അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12-3 പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഈടാക്കേണ്ടതാണ്

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി അടവാക്കിയിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | SILKWORM Seed | I |
| 2 | കഫെ കോഫി | I,II |
| 3 | ജി.ജെ മൾട്ടിക്ലേവ് | I,II |
| 4 | അപരാജിത | I,II |
| 5 | മാനസ് എന്റർപ്രൈസസ് | I,II |
| 6 | ബെസ്റ്റ് എന്റർപ്രൈസസ് | I,II |
| 7 | PRS റൈസ് ഇൻഡസ്ട്രീസ് | I,II |
| 9 | മൈക്രോടെക് | I,II |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം-4, 13-10-2021)

### 1-12-4 പഞ്ചായത്ത് പരിധിയിലെ റേഷൻകടകളിൽ നിന്നും ക്ഷീരോദ്പാദക സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

കൊടുമ്പ് പഞ്ചായത്തിൽ 5 റേഷൻകടകളാണ് ഉള്ളത്.

| വാർഡ് നം. | റേഷൻഡിപ്പോ |
|---|---|
| 14 | കല്ലിങ്കൽ |
| 11 | ഓലശ്ശേരി |
| 7 | കൊടുമ്പ് |
| 8 | തിരുവാലത്തൂർ |
| 15 | കാടാംകോട് |

പഞ്ചായത്ത് പരിധിലെ ടി റേഷൻകടകളുടേയും, പാലയൻകാട് ക്ഷീരോദ്പാദകസഹകരണസംഘത്തിലെയും ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല.

റേഷൻഡിപ്പോകൾ, ക്ഷീരോദ്പാദകസഹകരണസംഘം എന്നിവയിലെ ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി എന്നിവ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12-5 ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ച താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിൻെറ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഒ.കെ.രാജേന്ദ്രൻ | ഹൈലക്സ്(ഒന്നാം അർദ്ധവർഷനികുതി അടവാക്കിയിട്ടില്ല) | 20 |
| 2 | ഹരിദാസ്.കെ | മൈക്രോടെക് | 15 |
| 3 | ടി.ശ്രീധരൻ | ശ്രീഷ്മ എഞ്ചിനീയറിംഗ് വർക്ക്സ് | 4 |
| 4 | അനൂപ്.വി | കുറുപ്പത്ത് ഗ്രൂപ്പ് | 3 |
| 5 | വിനോദ് | വിൻപ്രോ | 13 |
| 6 | രഞ്ജിത | കുറുപ്പത്ത് അസോസിയേറ്റസ് | 5 |
| 7 | സന്തോഷ് | സൂര്യ റീടൈഡ്സ് | 6 |
| 8 | മഹേന്ദ്രകുമാർ | പാൽഘാട്ട് പെറ്റ് ബോട്ടിൽസ് | 14 |
| 9 | ജോ റോബർട്ട് | കിങ്സ് മെറ്റൽ ഫാബ് | 4 |
| 10 | കൃഷ്ണകുമാർ | ഗ്രാൻഡ് മലബാർ | 6 |
| 11 | ഗണേഷ് | SA ട്രേഡേഴ്സ് | 6 |

### 1-13 വസ്തുനികുതി തെറ്റായി നിർണ്ണയിച്ചിരിക്കുന്നതിനാൽ നഷ്ടം ഉണ്ടായിരിക്കുന്നു

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച. മീറ്ററിന് 50 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിന്

മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ച. മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിന് ബാധകമായിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്.

(A) ശ്രീ. മുഹമ്മദ് നിയാസ്, വെള്ളോള്ളി ഹൗസ്, കരിങ്കരപ്പുള്ളി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 280.26 ച.മീ. തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ , റെസ്റ്റോറന്റ്, ഷോപ്പുകൾ എന്ന വിഭാഗത്തിൽ തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ 2648 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| തറവിസ്തീർണ്ണം | 280.26 ച മീ |
| വർദ്ധനവ്/ഇളവ് | ഇളവ്- (മേഖല - 10%) = 1401.3 രൂപ |
| നിലവിലെ നികുതി നിർണ്ണയം | 280.26*50 = 14013 രൂപ ( ഫോം - 6 പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി)<br>നിലവിൽ ഈടാക്കിയ നികുതി = 13243 രൂപ |
| യഥാർത്ഥത്തിൽ ചുമത്തേണ്ടിയിരുന്ന വസ്തുനികുതി | 280.26*60 = 16815.6 രൂപ(അടിസ്ഥാന വസ്തുനികുതി)<br>വസ്തുനികുതി(ഇളവുകളും വർദ്ധനവും ഉൾപ്പെടെ )= 15134 രൂപ<br>നിർണ്ണയിക്കേണ്ട നികുതി= BT 15134 + LC 756.7 =15891 രൂപ |
| | കുറവ് = 2648 രൂപ |

ഫോം - 6 പ്രകാരം ഈ കെട്ടിടത്തിന് 1 വർഷം പഴക്കമുള്ളതായിട്ടുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

B.) ശ്രീമതി.ഗീത മുതൽ പേർ, ഗീതം, മരുതറോഡ് എന്നവരുടെ ഉടമസ്ഥതയിലുള്ള 106.39 ച.മീ. തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യാ വശ്യത്തിനുള്ള 100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ , റെസ്റ്റോറന്റ്, ഷോപ്പുകൾ എന്ന വിഭാഗത്തിൽ തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയി ച്ചിരിക്കുന്നതിനാൽ1228 രൂപ നഷ്ടം ഉണ്ടായിരിക്കുന്നു.

| | |
|---|---|
| തറവിസ്തീർണ്ണം | 106.39 ച മീ |
| വർദ്ധനവ്/ഇളവ് | ഇളവ്- (മേൽക്കൂര-10 %)- |

| | |
|---|---|
| | 531.95 രൂപ<br>വർദ്ധനവ്(വഴിസൗകര്യം-20%)-1063.9 രൂപ |
| നിലവിലെ നികുതി നിർണ്ണയം | 106.39*50 = 5319.5 രൂപ ( ഫോം - 6 പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി)<br>നിലവിൽ ഈടാക്കിയ നികുതി =<br>BT 5852+LC 293=6145രൂപ |
| യഥാർത്ഥത്തിൽ ചുമത്തേണ്ടിയിരുന്ന വസ്തുനികുതി | 106.39*60 = 6383.4 രൂപ(അടിസ്ഥാന വസ്തുനികുതി)<br>വസ്തുനികുതി(ഇളവുകളും വർദ്ധനവും ഉൾപ്പെടെ )= 7022 രൂപ<br>നിർണ്ണയിക്കേണ്ട നികുതി=<br>BT7022 + LC 351 = 7373രൂപ |
| | കുറവ് = 1228 രൂപ |

ഫോം - 6 പ്രകാരം ഈ കെട്ടിടത്തിന് 1 വർഷം പഴക്കമുള്ളതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ വന്ന അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതാണ് എന്ന് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ(നം. 8,15-10-2021)ത്തിന് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-13-1 വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

2020-2021 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി കുടിശ്ശികയുടെ വിവരം താഴെ കൊടുക്കുന്നു.

റെസിഡെൻഷ്യൽ കെട്ടിടങ്ങൾ

തൻ വർഷകുടിശ്ശിക - 169108 രൂപ

മുൻ വർഷങ്ങളിലെ കുടിശ്ശിക - 30712 രൂപ

നോൺ റെസിഡെൻഷ്യൽ കെട്ടിടങ്ങൾ

തൻ വർഷകുടിശ്ശിക - 575823 രൂപ

മുൻ വർഷങ്ങളിലെ കുടിശ്ശിക – 2391117 രൂപ

ആകെ കുടിശ്ശിക – 3166760 രൂപ

മേൽ കുടിശ്ശിക ഈടാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.8, 15-10-2021)ന് മറുപടിയായി, എല്ലാ വാർഡുകളിലും അനൗൺസ്മെന്റ് നടത്തുകയും , കുടിശ്ശിക അടവാക്കാത്തവർക്ക് ഡിമാന്റ് നോട്ടീസ് അയക്കുകയും ചെയ്തിട്ടുണ്ടെന്നും, ബഹു.കോടതി മുൻപാകെ കേസ് നിലനില്ക്കുന്ന കെട്ടിടങ്ങൾക്കു കോർട്ട് സ്റ്റേ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും , എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷനുകളും വീടുകൾതോറുമുള്ള പിരിവുകളും നടത്തിവരുന്നതായും അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വാടകയുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കേണ്ടതാണ്

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ നടത്തിപ്പിനായുള്ള ബൈലോ ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ് , 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി കാണുന്നില്ല. ബൈലോ തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്. കരട് ബൈലോ തയ്യാറാക്കിയിട്ടുണ്ടെന്നും ഭരണസമിതിയുടെ അംഗീകാരം ലഭിച്ചയുടൻ സർക്കാർ അംഗീകാരത്തിന് സമർപ്പിക്കുന്നതാണെന്നും 2018-19 വർഷത്തെ റിപ്പോർട്ടിൽ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിലും കരട് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.
വാടകയുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.17, തിയതി -16-10-2021).

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 307 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

## 1-15-1 ലൈസൻസിനായുള്ള അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തുന്നില്ല

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം പ്രകാരം അസഹ്യവും ആപൽകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നും ഓരോ വിഭാഗത്തിനേയും ഉത്പാദനം, സേവനം എന്നിങ്ങനെ വേർതിരിച്ചും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പരമാവധി ഫീസ് ഈടാക്കാവുന്നതാണ്.

| ക്രമ നം. | മേഖല | മൂലധന നിക്ഷേപം | വ്യവസായത്തിന്റെ തരം | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | ഉത്പാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | മൈക്രോ എന്റർപ്രൈസസ് | 500 രൂപ |
| | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | | |
| 2 | ഉത്പാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും 1 കോടിയിൽ അധികരിക്കാത്തതും | മിനി എന്റർപ്രൈസസ് | 1000 രൂപ |
| | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതും | | |
| 3 | ഉത്പാദന മേഖല | 1 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും | സ്മാൾ എന്റർപ്രൈസസ് | 5000രൂപ |
| | സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും | | |
| 4 | ഉത്പാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ അധികരിക്കാത്തതും | മീഡിയം എന്റർപ്രൈസസ് | 10000 രൂപ |
| | സേവന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും | | |
| 5 | ഉത്പാദന മേഖല | 10 കോടി രൂപയിൽ കൂടുതൽ | ലാർജ് എന്റർപ്രൈസസ് | 15000രൂപ |
| | സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | | |

മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളുടെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപന ഉടമയുടെ പേര് | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| ശ്രീരാം .ഡി | 2/559 | ഡോട്ട്സ് ഇൻഫോടെക് |
| റഫീക്ക് അഹമ്മദ് | 2/1188 | SR ഫുഡ്സ് |
| ബഷീർ.യു | 5/131 | കൈരളി വാട്ടർ സർവ്വീസ് സ്റ്റേഷൻ |
| ജയപ്രകാശൻ | 2/1172 | J&J എൻറർപ്രൈസസ് |
| വിനോദ് | 1/556 | വിൻപ്രോ ഫുഡ് സ്റ്റഫ്സ് |

ഓരോ സ്ഥാപനത്തിന്റേയും മൂലധനനിക്ഷേപം ഉറപ്പുവരുത്താതെയാണ് ഗ്രാമപഞ്ചായത്തിൽ നിലവിൽ ഫീസ് ഈടാക്കുന്നത്. ഓരോ വിഭാഗത്തിന്റേയും പരമാവധി ഫീസ് ആണ് പട്ടികയിൽ നൽകിയിട്ടുള്ളത്. ആയതിനാൽ ഓരോ വിഭാഗത്തിലേയും സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപം അനുസരിച്ച് വ്യത്യസ്ത തുക ഈടാക്കുന്നതിനായി ഭരണസമിതിക്ക് സ്ലാബ് നിശ്ചയിക്കാവുന്നതാണ്. ലൈസൻസ് അപേക്ഷകളിൽ കൃത്യമായ മൂലധന നിക്ഷേപം ചേർക്കുന്നുവെന്നും ആയതിനനുസരിച്ച് ഫീസ് ഈടാക്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.-7,15-10-2021).

## 1-15-2 പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 5 റേഷൻ കടകളും ലൈസൻസ് എടുത്തിട്ടില്ല എന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ആയത് സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.7, 15-10-2021) ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-3 വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയിൽ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ 2020-2021 വർഷം പഞ്ചായത്തിൽ ഇപ്രകാരം ഈടാക്കേണ്ടിയിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമനം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി(HP) | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 26 | ഒ.കെ.രവീന്ദ്രൻ | ഹൈലക്സ് | 41 | 500 |
| 39 | യു.രാജേന്ദ്രൻ | ലാത്ത് വർക്ക്ഷോപ്പ് | 6 | 100 |
| 135 | ഹരിദാസ്.കെ | മൈക്രോടെക് | 46 | 500 |
| 77 | ഗംഗാധരൻ | ഷൺമുഖാനന്ദ റൈസ് മിൽ | 40 | 500 |
| 169 | പി.മഹേന്ദ്രകുമാർ | പാൽഘാട്ട് പെറ്റ് ബോട്ടിൽ | 107 | 2000 |
| 152 | ജോ റോബർട്ട് | കിങ്സ് മെറ്റൽ ഫാബ്സ് | 6 | 100 |

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം.7, 15-10-2021) മറുപടിയായി, വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് നിലവിലുള്ള സ്ലാബ് പ്രകാരം ഫീസ് ഈടാക്കുന്നുണ്ടെന്നും , ഫീസ് ഈടാക്കാൻ വിട്ടുപോയ ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കി തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

### 1-15-4 ക്ഷീരോദ്പാദകസഹകരണസംഘം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാലയൻകാട് ക്ഷീരോത്പാദകസഹകരണ സംഘം ലൈസൻസ് 2020-21 വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല.

ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണം -7, 15-10-2021).

### 1-16 വെള്ളക്കരം -കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിൽ വെള്ളക്കരം കുടിശ്ശികയിനത്തിൽ താഴെപ്പറയും പ്രകാരം തുക പിരിച്ചെടുക്കാനുണ്ട്.

തന് വർഷകുടിശ്ശിക – 525315 രൂപ

മുൻവർഷങ്ങളിലെ കുടിശ്ശിക – 997145 രൂപ

ആകെ കുടിശ്ശികയിനത്തിൽ പിരിക്കാനുള്ളത്- 1,522,460 രൂപ

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളും, പഞ്ചായത്ത് പരിധിയിലെ ഗാർഹിക ഗാർഹികേതര കുടിവെള്ളകണക്ഷനുകളുടെ എണ്ണം, അവയുടെ കുടിവെള്ള നിരക്ക്, ഈ കാലയളവിൽ വെള്ളക്കര നിരക്ക് പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ ഭരണസമിതി തീരുമാനം, നിരക്ക്, പ്രാബല്യ തീയതി, കണക്ഷനുകൾക്ക് മീറ്റർ റീഡിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ വിശദമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9, 16-10-2021)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-17 തനത് ഫണ്ടിൽ നിന്നുള്ള പദ്ധതികളുടെ ചെലവ് വിവരങ്ങൾ 'സുലേഖ' യിൽ രേഖപ്പെടുത്തിയില്ല.

2020-21ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന തനത് ഫണ്ട് പദ്ധതികളുടെ ചെലവ് വിവരങ്ങൾ 'സുലേഖ' സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | പ്രൊജക്റ്റ് | അടങ്കൽ |
|---|---|---|
| 1 | 65/20-21 ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഓണറേറിയം | 288200 |
| 2 | 166/20-21 പച്ചത്തുരുത്ത് നിർമ്മാണം | 49000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം12/20-21 തി. 16.10.21) ലഭ്യമാക്കിയ മറുപടിയിൽ, ചെലവ് വിവരങ്ങൾ 'സുലേഖ' സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണ് എന്നാണ് അറിയിച്ചത്. ഇത് അംഗീകരിക്കാവുന്നതല്ല. തനത് ഫണ്ടിൽ നിന്നുള്ള അംഗീകൃത പദ്ധതികളുടെ ചെലവ് ദൈനംദിന ചെലവുകൾ എന്നരീതിയിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. 65/20-21 എന്ന അംഗീകൃത പദ്ധതിയുള്ള ടെക്നിക്കൽ അസിസ്റ്റന്റിന്റെ ഓണറേറിയം, കരാർ ജീവനക്കാരുടെ ദിവസവേതനം എന്നരീതിയിൽ ചെലവ് രേഖപ്പെടുത്തിയതും 'സുലേഖ' സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താതിരുന്നതും അക്കൗണ്ടിംഗിലെ പിഴവാണ്.

പ്രൊജക്റ്റ് നം.166/20-21 പച്ചത്തുരുത്ത് നിർമ്മാണം എന്ന പദ്ധതി MGNREGS മുഖേനയാണ് നടപ്പിലാക്കിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ വാഹന വാടക ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകളിൽ ഈ പദ്ധതിക്കായി തനത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

ഈ ഇനങ്ങളിലുള്ള ചെലവുകൾ തനത് ഫണ്ടിൽ നിന്ന് അനുവദിച്ചതിന്റെ വൗച്ചർ നമ്പറുകൾ സഹിതമുള്ള വിശദാംശങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുന്നതിനും ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയില്ല. സാംഖ്യയിൽ നിന്നു പേമെന്റ് വൗച്ചറുകളില്ലാതെ ഭാഗികമായ കണ്ടിൻജന്റ് ബില്ലുകളും സബ് വൗച്ചറുകളും പരിശോധനക്ക് ലഭ്യമാക്കുകയാണ് ചെയ്തത്. ഓഡിറ്റ് സമയത്ത് ആവശ്യപ്പെടുന്ന വിവരങ്ങളും രേഖകളും ലഭ്യമാക്കുന്നതിൽ അലംഭാവം ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് അധികാരികളുടെ ശ്രദ്ധക്ഷണിക്കുന്നു.അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പി.ബി.ഐ.ജി ഫണ്ട് വിനിയോഗത്തിലെ അപാകങ്ങൾ

2020-21 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ 13/20-21പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം (നിർമ്മാണ പ്രവൃത്തികൾ ഒഴികെ) എന്ന പദ്ധതിയിൽ 11,83,410 രൂപ ചെലവ് പത്രിക പ്രകാരം അടങ്കലും ചെലവും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ അംഗീകൃത പദ്ധതിരേഖ, ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല. ഓഡിറ്റ് അന്വേഷണം (നം-13/20-21 തി 18.10.21) മുഖേന ആവശ്യപ്പട്ടതിനെ തുടർന്ന് 20.10.21 നാണ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയത്. ചെലവ് രേഖകൾ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ നിന്നും 11,83,410 രൂപ ബയോ ബിന്നുകളുടെ വില ഇനത്തിൽ IRTC ക്ക് മുൻകൂറായി നൽകുകയാണ് ഉണ്ടായത് എന്ന് വ്യക്തമായി. 2020-21 ൽ കൃത്യമായ പദ്ധതി ഇല്ലാതെയും ബയോബിൻ വിതരണത്തിന് വേണ്ട ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെയും ഗുണഭോക്തൃ വിഹിതം നിശ്ചയിക്കാതെയും ജി.ഒ പ്രൊജക്റ്റ് എന്ന രീതിയിലാണ് പ്രസ്തുത പദ്ധതിക്ക് അംഗീകാരം നേടിയിരുന്നത്. കേന്ദ്രഫണ്ടിന്റെ വിനിയോഗം കാണിക്കുന്നതിനുവേണ്ടി മാത്രം തൻവർഷം IRTCയുമായി കരാർ വെച്ച് തുക കൈമാറുകയാണ് ചെയ്തിരിക്കുന്നത്. മുൻകൂറായി നല്കിയ 11,83,410 രൂപ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ഘട്ടങ്ങളും ചെലവിന്റെ അക്കൗണ്ടിംഗും അതത് വിഷയങ്ങൾക്ക് ബാധകമാകുന്ന സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 വൗച്ചറുകളുടെ സൂക്ഷിപ്പിൽ അപാകങ്ങൾ- മേൽ നോട്ടം കാര്യക്ഷമമാക്കണം.

2020-21ൽ തനത് ഫണ്ടിൽ നിന്നു തുക ചെലവഴിച്ചതിന്റെ താഴെ പറയുന്ന വൗച്ചറുകൾ യഥാസമയം ഓഡിറ്റിന് ലഭ്യമായില്ല. ഓഡിറ്റ് അന്വേഷണം (നം.14/20-21 തി.18.10.21 ) നൽകിയതിനെ തുടർന്നാണ് ക്രമ നം 2 മുതൽ 7 വരെയുള്ളവ ഓരോന്നായി ഹാജരാക്കിയത്. എന്നാൽ അവയോടൊപ്പം സാംഖ്യയിൽ നിന്നുള്ള പേമെന്റ് വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. ക്രമ നം1 -രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22000322/6.20 | 4900 | പൈപ്പ് ലൈൻ റിപ്പയർ,പത്മകുമാർ |
| 2 | 22000223/6.20 | 8250 | കമ്മ്യൂണിറ്റി ഹാൾ ക്ലീനിംഗ്-ലത |
| 3 | 22000224/8.6.20 | 17372 | രേഖപ്പെടുത്തലുകളില്ല. |
| | 22000225/8.6.20 | 3000 | കമ്മ്യൂണിറ്റി ഹാൾ |

| | | | |
|---|---|---|---|
| | | | ക്ലീനിംഗ്-ലത |
| 4 | 22000233/6.20 | 3584 | രേഖപ്പെടുത്തലുകളില്ല. |
| 5 | 22000243/6.20 | 8000 | രേഖപ്പെടുത്തലുകളില്ല. |
| 6 | 22000282/8.6.20 | 4200 | സ്ട്രീറ്റ് ലൈറ്റ് മെയ്ന്റനൻസ് മെറ്റീരിയൽ -വിനോദ് |
| 7 | 22000283/8.6.20 | 23000 | സ്ട്രീറ്റ് ലൈറ്റ് മെയ്ന്റനൻസ് വേതനം -വിനോദ് |

4/2019 മുതൽ 7/2019 വരെയുള്ള രേഖകൾ മാസം തിരിച്ച് ഹാർഡ് ബൈന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 8/2019മുതൽ 3/2020 വരെയും 4/2019 മുതൽ 3/2021 വരെയും ഉള്ള വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ടിൽ നിന്നുള്ള പദ്ധതികളുടെ ചെലവുകളടക്കം കണ്ടിൻജന്റ് ബിൽ മാത്രം വെച്ചാണ് പേമെന്റ് നൽകിയിരിക്കുന്നത്. 2020 ഫെബ്രുവരി, മാർച്ച്, മെയ്, ഓഗസ്റ്റ്, നവംബർ,ഡിസംബർ, 2021 ജനുവരി,ഫെബ്രുവരി എന്നീ മാസങ്ങളിലെ തനത് ഫണ്ട് വൗച്ചറുകളോടൊപ്പം സാംഖ്യയിൽ നിന്നുള്ള പേമെന്റ് വൗച്ചറുകൾ ഇല്ല. ഇക്കാലയളവിലെ ചെലവുകൾ അക്കൗണ്ട് ചെയ്തതിലും അപാകങ്ങളുണ്ട്. സാംഖ്യ യിലെ സാങ്കേതിക തകരാർ കാരണമാണ് ഇപ്രകാരം സംഭവിച്ചത് എന്ന് അക്കൗണ്ടന്റ് വാക്കാൽ അറിയിച്ചത്. എന്നാൽ ഇത് സംബന്ധിച്ച് IKM ലേക്ക് പരാതി നല്കിയതിന് രേഖയില്ല. തനത് ഫണ്ടിൽ നിന്ന് പദ്ധതികൾ ഉൾപ്പെടെയുള്ള ചെലവുകൾ സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല എന്നാണ് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത്. അപാകങ്ങൾ പരിഹരിക്കുന്നതിനും മേൽ നോട്ടം ശക്തമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് അധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-20 പദ്ധതി രൂപീകരണത്തിലെ അപാകങ്ങൾ-സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയില്ല.

20-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം നേടിയ 142/20, 255/20, 256/20, 259/20, 265/20, 300/20 എന്നീ പ്രൊജക്റ്റുകൾ നടപ്പിലാക്കിയില്ല. അംഗീകാരം നേടിയ പദ്ധതികൾ നടപ്പിലാക്കാതിരുന്നതിന്റെ കാരണങ്ങൾ വിശദമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/20-21 തി.16.10.21) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം | പ്രൊജക്റ്റ് | അടങ്കൽ/ ഫണ്ട് | പദ്ധതികൾ നടപ്പിലാക്കാൻ കഴിയാഞ്ഞത് സംബന്ധിച്ച് ലഭ്യമാക്കിയ വിശദീകരണം |
|---|---|---|---|
| 1 | 142/20കമ്മ്യൂണിറ്റി ഹാളിൽ സോളാർ സ്ഥാപിക്കൽ | 500000 തനത് ഫണ്ട് | കമ്മ്യൂണിറ്റിഹാളിൽ മുകളിലത്തെനില ഉയരം കൂട്ടുന്ന പ്രവർത്തി (മലമ്പുഴ ബ്ലോക്ക്പഞ്ചായത്ത് -എം.എൽ.എഫണ്ട്) പദ്ധതി നടന്നു കൊണ്ടിരുന്നതിനാലാണ് സോളാർ സ്ഥാപിക്കൽ നടപ്പിലാക്കാതിരുന്നത്. |
| 2 | 255/20 പാലക്കുഴി ജലവൈദ്യുത പദ്ധതി വിഹിതം | 200000 തനത് ഫണ്ട് | പാലക്കാ4110pxട്ജില്ലാപഞ്ചായത്തിലേക്ക് വിഹിതം അടവാക്കേണ്ട പദ്ധതി ആയിരുന്നു. തൻ വർഷത്തേക്കുള്ള ഡിമാന്റ് ലഭിക്കാതിരുന്നതിനാലാണ് ഈ പദ്ധതി നടപ്പിലാക്കാതിരുന്നത്. |
| 3 | 256/20 MCF നിർമ്മാണം | 1318790തനത് ഫണ്ട് | നിലവിൽ പാലക്കാട്മുനിസിപ്പാലിറ്റിയുടെ ട്രഞ്ചിംഗ്യാർഡ് സ്ഥിതിചെയ്യുന്നത് |

| | | | |
|---|---|---|---|
| | | 2382900ബ്ലോക്ക് വിഹിതം | കൊടുമ്പ്ഗ്രാമ പഞ്ചായത്തിലെ 2-ാം വാർഡിലുള്ള കുപ്പക്കാട് എന്ന സ്ഥലത്താണ്. ഇവിടെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് മൂലം പ്രദേശവാസികൾക്ക് ആരോഗ്യപ്രശ്നങ്ങളും കൃഷിനാശവും ഉണ്ടാകുന്നത് തർക്കവിഷയമായി തുടരുകയാണ്. കൊടുമ്പ് ഗ്രാമ പഞ്ചായത്തിലെ 14 ാം വാർഡിലെ കല്ലിങ്കൽ പൊതുശ്മശാനത്തിന് സമീപം എം.സി.എഫ് നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം, പ്രദേശ നിവാസികൾ കുപ്പക്കാടിലെ ശോചനീയാവസ്ഥ ചൂണ്ടിക്കാട്ടി ഗ്രാമപഞ്ചായത്തിനെതിരെ രൂക്ഷമായ പ്രതിഷേധങ്ങളും ധർണ്ണയും നടത്തിയതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത്. |
| 4 | 259/20 ഊറപ്പാടം അങ്കണവാടി കെട്ടിടം വൈദ്യുതീകരണം | 60000 തനത് ഫണ്ട് | ഊറപ്പാടം അങ്കണവാടി കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് തർക്കം നിലനിന്നിരുന്നതിനാലാണ് 20-21 ൽ പദ്ധതി നടപ്പിലാക്കാൻ കഴിയാഞ്ഞത്. ആഗസ്റ്റ് 2021 ൽ സമ്പൂർണ്ണവൈദ്യുതീകരണ പ്രഖ്യാപനത്തിന്റെ ഭാഗമായി പ്രസ്തുത അങ്കണവാടി വൈദ്യുതീകരിച്ചിട്ടുണ്ട്. |
| 5 | 265/20ഹൈസ്പീഡ് സ്കാനർ വാങ്ങൽ | 100000 തനത് ഫണ്ട് | തെരഞ്ഞെടുപ്പ് ജോലികൾ, കോവിഡ് വ്യാപനം എന്നിവകാരണം പ്രസ്തുത പദ്ധതിയുടം പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞില്ല. പദ്ധതി സ്പിൽ ഓവർ ആക്കിയിട്ടുണ്ട്. |
| 6 | 300/20ഇൻസിനറേറ്റർ സ്ഥാപിക്കൽ. | 764990 CFC ഗ്രാന്റ് | തെരഞ്ഞെടുപ്പ് ജോലികൾ, കോവിഡ് വ്യാപനം എന്നിവകാരണം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞില്ല. പദ്ധതി സ്പിൽ ഓവർ ആക്കിയിട്ടുണ്ട്. |

മേൽ സൂചിപ്പിച്ച കാരണങ്ങളിൽ നിന്ന് ഗ്രാമ പഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിലെ അപാകങ്ങൾ വ്യക്തമാണ്. സാധ്യതയോ ആവശ്യകതയോ വിലയിരുത്താതെയാണ് പദ്ധതികൾ രൂപീകരിച്ചിട്ടുള്ളത്. സംയുക്ത പദ്ധതികളിൽ ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും പദ്ധതികളുമായി സമയബന്ധിതമായ സംയോജനം സാധ്യമാക്കിയില്ല. ഭാവിയിൽ ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തിക്കൊണ്ട് MCF നിർമ്മാണം, ഖരമാലിന്യ സംസ്കരണ സംവിധാനം തുടങ്ങിയവ ഒരുക്കാൻ കഴിയണം. പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച23,66,820/- രൂപ കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിയാതിരുന്നതും ഇക്കാരണങ്ങളാലാണ്.(ഖണ്ഡിക 1-18 ൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.)

പദ്ധതി രൂപീകരണ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണ സമിതിയുടേയും സ്റ്റാന്റിംഗ് കമ്മറ്റികളുടേയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

1-21 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല-4900/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

വൗച്ചർ നമ്പറ് 22000322/08.6.20 പ്രകാരം തനത് ഫണ്ടിൽ നിന്ന് 4900 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്നേഹ നഗർ കരിങ്കരപ്പുള്ളി പൈപ്പ് ലൈൻ റിപ്പയർ എന്ന് ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വൗച്ചറും അനുബന്ധരേഖകളും ഓഡിറ്റിന് ലഭ്യമായില്ല. ഓഡിറ്റ് അന്വേഷണത്തിന്

(നം.14/20-21 തി.18.10.21 ) സമർപ്പിച്ച മറുപടിയിൽ , പത്മകുമാർ എന്നവർക്ക് നല്കിയ പ്രസ്തുത തുകയുടെ വൗച്ചർ തെരഞ്ഞെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും ആയത് ഹാജരാക്കുന്നതിന് സമയം അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അവശ്യ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു. ആദ്യമറുപടിയോടൊപ്പം ചെലവ് രേഖകൾ ഹാജരാക്കാത്ത പക്ഷം രേഖകളില്ലാതെ തുക ചെലവഴിച്ച എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

1-22 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി

ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഭാഗമായി രണ്ട് പ്രോജക്ടുകളാണ് 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 148/21 , ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 34400000 ( 2423200- വികസന ഫണ്ട് ജനറൽ, 9000000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 2776800- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 2200000- ജില്ലാ പഞ്ചായത്ത് വിഹിതം, 18000000- ഹഡ്കോ ലോൺ) | 6763245 ( 1260000- വികസന ഫണ്ട് ജനറൽ, 2300000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 443245- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 2760000- ഹഡ്കോ ലോൺ ) |
| 152/21 , ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 8771900 ( 2535300- വികസന ഫണ്ട് SCP, 4000000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 2236600- ജില്ലാ പഞ്ചായത്ത് വിഹിതം) | 1320000 - വികസന ഫണ്ട് SCP |

ഭവന നിർമ്മാണ പദ്ധതി ഫേസ് 2 ൽ നാളിതു വരെ 170 ഗുണഭോക്താക്കളാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്. ആയതിൽ 151 പേരുടെ ഭവന നിർമ്മാണം പൂർത്തിയായി.

| വിഭാഗം | നിർമ്മാണം ആരംഭിച്ചത് | ബേസ് മെന്റ് | ലിന്റൽ | മേൽക്കൂര | നിർമ്മാണം പൂർത്തിയായത് | ആകെ |
|---|---|---|---|---|---|---|
| ജനറൽ | 5 | 3 | 3 | 3 | 132 | 146 |
| എസ്.സി | - | 3 | - | 2 | 19 | 24 |
| ആകെ | 5 | 6 | 3 | 5 | 151 | 170 |

ഫേസ് 3 ൽ ആകെ 14 ഗുണഭോക്താക്കളാണുള്ളത്. ആയതിൽ 6പേരുടെ ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

| വിഭാഗം | നിർമ്മാണം | ബേസ് | ലിന്റൽ | മേൽക്കൂര | നിർമ്മാണം | ആകെ |
|---|---|---|---|---|---|---|

| | ആരംഭിച്ചത് | മെന്റ് | | | പൂർത്തിയായത് | |
|---|---|---|---|---|---|---|
| ജനറൽ | - | - | 1 | 2 | 5 | 8 |
| എസ്.സി | - | 3 | 1 | 1 | 1 | 6 |
| ആകെ | - | 3 | 2 | 3 | 6 | 14 |

എസ്.സി വകുപ്പിൽ നിന്ന് ലഭിച്ച അഡീഷണൽ ലിസ്റ്റ് പ്രകാരമുള്ള 30 ഗുണഭോക്താക്കൾ കൂടി 2021-22സാമ്പത്തിക വർഷത്തിൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

പ്രോജക്റ്റുമായി ബന്ധപ്പെട്ട വാച്ച് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ കരാറിലേർപ്പെട്ട് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കരാറിലേർപ്പെട്ട തീയതി | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | വള്ളിയമ്മ W/o കൃഷ്ണൻ, കാഞ്ഞിരംകുന്നം | 24-07-2018 | 40000 | 20-08-2018 |
| 2 | സാവിത്രി W/o ഗോപാലൻ, വടക്ക് തേർ വീഥി, കൊടുമ്പ് | 06-07-2018 | 360000 | 26-08-2020 |
| 3 | കൃഷ്ണകുമാരി W/o മാധവൻ, കാരേക്കാട്, ചേങ്കോൽ | 03-09-2018 | 200000 | 08-09-2020 |
| 4 | ചിന്ന, തിരുവാലത്തൂർ | 10-01-2019 | 40000 | 29-03-2019 |
| 5 | ഉമൈറ W/o ഹനീഫ, കനാൽ | 07-02-2019 | 300000 | 16-03-2021 |
| 6 | സരിത W/o സമ്പത്ത്(Late), കാരക്കാട്, കരിങ്കരപ്പുള്ളി | 07-03-2019 | 360000 | 31-03-2020 |
| 7 | പങ്കജം W/oമുരുകൻ, രാമലത്ത് വീട്, എരട്ടയാൽ | 08-03-2019 | 40000 | 18-05-2019 |
| 8 | കനകം W/o രാജൻ, കാരക്കാട്, കരിങ്കരപ്പുള്ളി | 10-06-2019 | 300000 | 16-03-2021 |
| 9 | റംലബി W/o മുഹമ്മദ് | 25-09-2019 | 300000 | 16-03-2021 |

| | | | | |
|---|---|---|---|---|
| | ഹനീഫ, ഞാവല്ലൂർ തറ, കരിങ്കരപ്പുള്ളി | | | |
| 10 | കോമളം W/o മുത്തു, ചെവിടൻകാവ്, കരിങ്കരപ്പുള്ളി | 01-01-2020 | 200000 | 20-03-2020 |
| 11 | സത്തീശ്വരി W/o രാജേഷ്, കാക്കത്തറ | 14-02-2019 | 200000 | 18-09-2019 |
| 12 | രുഗ്മണി W/o കുമാർ, കുമാരൻ ലൈൻ, ഒലവക്കോട് | 02-09-2019 | 350000 | 12-02-2021 |
| 13 | കോമളം W/o ശിവദാസൻ, പ്രതിഭാ നഗർ, കൽമണ്ഡപം | 28-01-2020 | 200000 | 31-03-2020 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.10/16-10-21) മറുപടിയിൽ താഴെ പറയും പ്രകാരം അറിയിച്ചിട്ടുണ്ട്.

ക്രമ നം. 1 – വള്ളിയമ്മ W/o കൃഷ്ണൻ എന്ന ഗുണഭോക്താവ് ആദ്യ ഗഡു കൈപ്പറ്റി അടിത്തറ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും തുടർന്ന് ഗുണഭോക്താവ് മരണപ്പെട്ടതിനാൽ അനന്തരാവകാശിയായ ഏക സഹോദരന് അസുഖം മൂലം നിർമ്മാണം മുന്നോട്ടു കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യമാണ്. മറ്റു ഗുണഭോക്താക്കളെ മോണിറ്ററിംഗ് സമിതി മുഖേനയും നേരിട്ടും കണ്ട് നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായും നിർമ്മാണം ഉടൻ പൂർത്തിയാക്കുമെന്ന് ഗുണഭോക്താക്കൾ ഉറപ്പു നൽകിയിട്ടുള്ളതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

തുടർ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 സുഭിക്ഷകേരളം പദ്ധതി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

2020-21 വർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 15 കർഷകർക്ക് തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രൊജക്ട് നമ്പർ - 279/21 പ്രകാരവും, 14 കർഷകർക്ക് തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് പ്രൊജക്ട് നമ്പർ - 278/21 പ്രകാരവും ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ പറയുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം/പേര് | 1) - 279/21 തരിശുഭൂമിയിൽ പച്ചക്കറി കൃഷി<br>2)278/21തരിശുഭൂമിയിൽ നെൽകൃഷി | അടങ്കൽ | 1) 264000 ( തനതുഫണ്ട് - 66000+ ബ്ളോക്ക് ഷെയർ -198000)<br>2) 400000<br>(തനതുഫണ്ട് -100000 + ബ്ളോക്ക് ഷെയർ - 300000) |
| ചെലവ് | 1) 95200 ( തനതുഫണ്ട് - 23800+ ബ്ളോക്ക് ഷെയർ -71400) | ബിൽ/തീയ്യതി | 1) 30 / 21.01.21 – 71400+ 23800(തനതുഫണ്ട്)<br>2) 29 /15.01.21 – |

| | | | |
|---|---|---|---|
| | 2) 252000<br>(തനതുഫണ്ട് -63000 + ബ്ളോക്ക് ഷെയർ - 189000) | | 189000+63000(തനതുഫണ്ട്) |
| നിർവ്വഹണം | | കൃഷി ഓഫീസർ | |

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ)22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരവും, 29.05.20-ലെ സ.ഉ (സാ.ധാ) നം. 1009/2020/ ത.സ്വ.ഭ.വ പ്രകാരമുള്ള ഭേദഗതി ഉത്തരവിലെ താഴെ ചേർക്കുന്ന ഖണ്ഡികകൾ പ്രകാരവും തരിശുഭൂമിയിലെ കൃഷിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഖണ്ഡിക 2.2.1 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഖണ്ഡിക .2.2.3 പ്രകാരം തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്.

ഖണ്ഡിക .2.2.4 പ്രകാരം ആനുകൂല്യം രണ്ടുതവണകളായി നൽകേണ്ടതാണ്, ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കുശേഷവും. എന്നാൽ ഗ്രാമപഞ്ചായത്തിലെ തരിശുഭൂമിയിലെ കൃഷി പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

പ്രൊജക്ട് നമ്പർ - 279/21 , തരിശുഭൂമിയിൽ പച്ചക്കറി കൃഷി പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ മേൽസൂചിപ്പിച്ച ഖണ്ഡിക 2.2.1ലെ നിർദ്ദേശം കൃഷി ഓഫീസർ പാലിച്ചിട്ടില്ല.

നിർവ്വഹണം നടത്തിയ 2 പദ്ധതികളിലും ഖണ്ഡിക .2.2.3,ലെ നിർദ്ദേശം പാലിച്ചിട്ടില്ല. തരിശുഭൂമിയിലെ ആദ്യകൃഷിയാണെന്ന് അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഖണ്ഡിക .2.2.4 ലെ നിർദ്ദേശങ്ങളും 2 പദ്ധതികളിലും പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 5/13.10.21) അപേക്ഷകളിൽ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട് എന്ന് നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്

വരും വർഷങ്ങളിൽ പദ്ധതി മാർഗരേഖകൾ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിച്ച മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ റിപ്പയർ-പ്രൊജക്ട് രൂപീകരിക്കാതെ തുക ചെലവഴിച്ചു.

2020-21 സാമ്പത്തിക വർഷത്തിൽ പൈപ്പ് ലൈൻ റിപ്പയർ ഇനത്തിൽ താഴെ പറയും പ്രകാരം 5,74,463 /- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

| മാസം | തുക |
|---|---|
| 4/20 | 0 |
| 5/20 | 68,096 |
| 6/20 | 2,86,486 |
| 7/20 | 0 |
| 8/20 | 26,796 |
| 9/20 | 0 |
| 10/20 | 0 |

| | |
|---|---|
| 11/20 | 1,11,036 |
| 12/20 | 0 |
| 1/21 | 0 |
| 2/21 | 0 |
| 3/21 | 82,049 |
| ആകെ | 5,74,463 |

25000/- രൂപയിൽ താഴെ ചെലവ് വരുന്ന പ്രവർത്തികൾ മാത്രമാണ് പെറ്റി വർക്ക് എന്ന രീതിയിൽ ചെയ്യാവുന്നത്. എന്നാൽ പൈപ്പ് ലൈൻ റിപ്പയർ ഇനത്തിൽ തൻവർഷം 5,74,463/- രൂപ ചെലവഴിച്ചത് പദ്ധതി രൂപീകരിക്കാതെയാണ്. തുക നൽകിയിരിക്കുന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ നടപടിക്രമങ്ങൾ/ റണ്ണിംഗ് കോൺട്രാക്ട് ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണത്തിന് (നം.20/18.10.21 ) ലഭ്യമാക്കിയ മറുപടിയിൽ തുക തനത് ഫണ്ടിൽ നിന്നാണ് നല്കിപ്പോരുന്നതെന്നും പരാതിയുടെയോ വാർഡ് മെമ്പർമാർ ആവശ്യപ്പെടുന്നതിന്റെയോ അടിസ്ഥാനത്തിൽ റിപ്പയർ അടിയന്തിരമായി നടത്തുകയാണ് ചെയ്യുന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിക്കാതെ നടപ്പിലാക്കുന്ന ഇത്തരം പ്രവർത്തികൾ തനത് ഫണ്ടിന്റെ ചോർച്ചക്ക് കാരണമാകുന്ന എന്ന വസ്തുതയിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധക്ഷണിക്കുന്നു.

## 1-25 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയുണ്ടായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2020-21 വർഷത്തിൽ പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടില്ല. തനത് ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചത്. എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/16.10.21) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. *230800114 Expenses Related To Pandemic/Epidemic Control* എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 4,33,705/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൻ സജ്ജീകരിച്ചിരുന്നു. ഹെല്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മറ്റി പ്രവർത്തിച്ചിട്ടുണ്ട്.

തൻ വർഷം പൾസ് ഓക്സി മീറ്ററുകൾ 50 എണ്ണം വാങ്ങിയിട്ടുണ്ട്.

സംഭാവന ഇനത്തിൽ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി 24.5.21 ലാണ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചത്. ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ തൃപ്തികരമായിരുന്നു എന്നാണ് രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

## 1-26 പി.എച്ച്.സി. സബ് സെന്ററുകൾക്ക് കമ്പ്യൂട്ടറുകൾ ലഭ്യമായില്ല

പ്രൊജക്ട് നമ്പർ 83/21 , പി.എച്ച്.സി . സബ്സെന്ററുകൾക്ക് ഇന്റർനെറ്റ് കണക്ഷൻ , കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ , പി.എച്ച്.സി

അടങ്കൽ - 159000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം )

ചെലവ്- 117207

ബിൽ നമ്പർ - 56/27.03.21

ഓഫീസിലെ ഭൗതീകസാഹചര്യങ്ങൾ മെച്ചപ്പെടുത്തി പൊതുജനസേവന നിലവാരം ഉയർത്തുന്നതിനു വേണ്ടി 2019-20 വർഷത്തിൽ പി.എച്ച്.സി സബ്സെന്ററുകൾക്ക് ഇന്റർനെറ്റ് കണക്ഷൻ ,കമ്പ്യൂട്ടർ

അനുബന്ധഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് 3 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി 117207 രൂപ കേരള സ്റ്റേറ്റ് എെ.ടി.മിഷന്റെ 799011400003959 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടറുകൾ ലഭ്യമാക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 24/20.10.19) തപാലുകളിലൂടെയും ടെലഫോണിലൂടെയും കെൽട്രോണുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും , കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതാണെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ടെന്നും, മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കമ്പൂട്ടറുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 2020-21 വർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം അറിയിക്കണം

2020-21 വർഷം പാർട്ട് ബിൽ നൽകിയതും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പരും പേരും | കരാർ നം./ അനുവദിച്ച സമയം | അടങ്കൽ തുക/ ഫണ്ടിനം | ചെലവ്/ ബിൽ നമ്പർ |
|---|---|---|---|---|
| 1 | 91/21: പൂതങ്കാട് അങ്കണവാടി റിപ്പയർ (എസ്.സി) | 61/6.11.20<br>6 മാസം | 200,000/-<br>Plan (SCP) | 106,592/-<br>131/29.3.21 |
| 2 | 99/21(75/19) : പി.എച്ച്.സി. അറ്റകുറ്റപ്പണി-പെയിന്റിങ്ങ് | 53/3.11.20<br>6 മാസം | 100,000/-<br>MG(NR) | 29,252/-<br>134/29.3.21 |
| 3 | 100/21: ആയുർവ്വേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി-പെയിന്റിങ്ങ് | 56/3.11.2000<br>6 മാസം | 3,50,000/-<br>MG(NR) | 111,371/-<br>129/29.3.21 |
| 4 | 114/21: ആശുപത്രി ഹാൾ നവീകരണം | 54/3.11.2000<br>6 മാസം | 3,50,000/-<br>MG(NR) | 168,497/-<br>133/29.3.21 |
| 5 | 241/21: ഹോമിയോ ആശുപത്രി കെട്ടിയ നിർമ്മാണം. | 81/30.12.19<br>8 മാസം | 227,000/-<br>വികസന ഫണ്ട് (CFC) | 1,766,222/-<br>139/30.3.21 |
| 6 | 89/21: പ്ലാക്കോണം കുടിവെള്ള | 11/7.7.20<br>6 മാസം | 300,000/-<br>വികസന ഫണ്ട് | 116,613/-<br>91/16.3.21 |

| | | | | |
|---|---|---|---|---|
| | പദ്ധതിക്ക് ബോർവെൽ, പൈപ്പ് ലൈൻ നീട്ടൽ | | (CFC) | |
| 7 | 68/21: വാക്കിൽ പാടം കുടിവെള്ള പദ്ധതി | 4/7.7.2020<br>6 മാസം | 475,000/-<br>വികസന ഫണ്ട് (CFC) | 116,613/-<br>92/16.3.21<br>129/29.3.21 |
| 8 | 67/21: കൊട്ടുമ്പ് കുടിവെള്ള പദ്ധതി | 3/7.7.2000<br>6 മാസം | 4,50,000/-<br>വികസന ഫണ്ട് (CFC) | 71,750/-<br>94/16.3.21 |
| 9 | 69/21: വലിയകാട് കുടിവെള്ള പദ്ധതി | 5/7.7.20<br>6മാസം | 400,000/-<br>വികസന ഫണ്ട് (CFC) | 103,951/-<br>96/16.3.21 |
| 10 | 120/21: മണപ്പ്രാട്ട് റോഡ് സൈഡ് സംരക്ഷണം | 13/1.10.20<br>6 മാസം | 400,000/-<br>MG(Road) | 279,934/-<br>117/25.3.21 |

പ്രവൃത്തികളുടെ പുരോഗതി അറിയുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്കുള്ള (നം.23(2)/19.10.21, 26(3)/21.10.21) മറുപടിയിൽ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്. പൂർത്തീകരണ സമയം ദീർഘിപ്പിച്ചുനൽകുമ്പോൾ പിഴ ഈടാക്കിയിട്ടുണ്ടോ എന്ന കാര്യം മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

പട്ടികയിൽ കൊടുത്തിരിക്കുന്ന മുഴുവൻ പ്രവൃത്തികളുടെയും കരാർ പ്രകാരമുള്ള പൂർത്തീകരണ സമയവും പരമാവധി ദീർഘിപ്പിച്ച് നൽകാവുന്ന സമയവും അവസാനിച്ചിട്ടുണ്ട്. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് പൂർത്തീകരിച്ച തീയ്യതിയും ഫൈനൽ ബിൽ നൽകിയതിന്റെ വിവരങ്ങളും റിപ്പോർട്ടുചെയ്യേണ്ടതാണ്.

1-28 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിലും തുക മാറുന്നതിലും നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ വികസന ഫണ്ടിൽ നിന്നും മാറിയെടുത്ത അഞ്ച് ബില്ലുകളുമായി ബന്ധപ്പെട്ട സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് സ്പിൽ ഓവറായി 2020-21ൽ അംഗീകാരം ലഭിച്ചതായി ചെലവ് പത്രികയിൽ കാണുന്നില്ല. തുക മാറിയതിന്റെ വിവരം ബിൽ ബുക്കിലും TR-59(E) ബില്ലിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/ പേര് | ബിൽ തുക/ ബിൽ നമ്പർ | ഫണ്ടിനം |
|---|---|---|---|
| 1 | 198/21 (81/19) (158/20): | ₹139,540/- | വികസന |

| | | | |
|---|---|---|---|
| | അമ്പലപ്പറമ്പ് കിണർ റിപ്പയർ | 18/9.5.2020 | ഫണ്ട് (ജനറൽ) |
| 2 | 86/21 (88/20): കാടാങ്കോട് കുടിവെള്ള പദ്ധതി – പൈപ്പ് ലൈൻ നീട്ടൽ, കുഴൽ കിണർ & മോട്ടോർ | ₹448,009/- 30/15.5.2020 | വികസന ഫണ്ട് (CFC) |
| 3 | 187/21 (94/20): ചെമ്പാടം അംഗണവാടി കുടിവെള്ള പദ്ധതി – പൈപ്പ് ലൈൻ നീട്ടൽ & കുഴൽ കിണർ മോട്ടോർ | ₹448,413/- 28/15.5.2020 | വികസന ഫണ്ട് (CFC) |
| 4 | 85/21 (87/20): ധർമ്മനഗർ കുടിവെള്ള പദ്ധതി – പൈപ്പ് ലൈന് നീട്ടൽ & കുഴൽ കിണർ മോട്ടോർ | ₹414,697/- 31/15.5.2020 | വികസന ഫണ്ട് (CFC) |
| 5 | 214/21 (84/20): പള്ളിമേട് പുത്തൂർ പാടം റോഡ് ബാക്കി ഭാഗം കോൺക്രീറ്റിങ്ങും സൈഡ് കെട്ടലും | ₹323,724/- 40/9.7.2020 | വികസന ഫണ്ട് (CFC) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്കുള്ള (നം.6/13.10.2021, 23/19.10.21) മറുപടിയിൽ ഈ പ്രൊജക്ട് സ്പിൽ ഓവർ ആയി നടപ്പാക്കുന്നതിന് ലോക്കൽ ബോഡിയിൽ നിന്നും അംഗീകാരം ലഭിച്ചിരുന്നെന്നും തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെട്ട തുക ട്രഷറിയിൽ നിന്നും പേമെന്റ് ആയി എങ്കിലും സോഫ്റ്റ്‌വേറിലെ പ്രശ്നങ്ങൾ കാരണമാണ് പട്ടികയിൽ ഉൾപ്പെടാത്തത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ പരാമർശിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പദ്ധതിച്ചെലവുകൾ നിരീക്ഷിക്കപ്പെടുന്നത് സുലേഖ വെബ്ബിലെ റിപ്പോർട്ടുകൾപ്രകാരമായതിനാൽ കണക്കുകൾ കൃത്യമായി വെബ്സൈറ്റിൽ പ്രതിഫലിക്കേണ്ടതുണ്ട്. പ്രൊജക്ട് അംഗീകാരം ലഭ്യമാക്കുന്നതും ചെലവുകൾ രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് പ്ലാൻ വിഭാഗവും നിർവ്വഹണ ഉദ്യോഗസ്ഥരും മുഴുവൻ നടപടിക്രമങ്ങളും പാലിച്ച് പിഴവുകളില്ലാതെ മുന്നോട്ടുപോവാൻ ശ്രദ്ധിക്കേണ്ടതാണ്. ആവശ്യമായ സംഗതികളിൽ ഇൻഫോർമേഷൻ കേരള മിഷന്റെ ടെക്ക്നിക്കൽ സപ്പോർട്ടും ലഭ്യമാക്കാവുന്നതാണ്.

1-29 ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല – തുക തടസപ്പെടുത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് നമ്പരും പേരും | അടങ്കൽ തുക | ഫണ്ടിനം | ചെലവ്/ ബിൽ നമ്പർ |
|---|---|---|---|---|
| 1 | 90/21: എ.കെ.ജി. നഗർ അയ്യപ്പൻകാവ് റോഡ് മെറ്റലിങ് & ടാറിങ് | 400,000 | MG(Road) | 287,553/- 120/29.3.21 |

| | | | | |
|---|---|---|---|---|
| 2 | 125/21: ഞായങ്കാട് റോഡ് ബാക്കി ഭാഗം സൈഡ് പ്രൊട്ടക്ഷൻ കോൺക്രീറ്റിങ് | 250,000 | വികസന ഫണ്ട് (SCP) | 112,821/- 121/29.3.21 |
| 3 | 197/21: ഓലശ്ശേരി, തിരുവാലത്തൂർ ഗോപാൽ മെമ്മോറിയൽ സ്കൂളിൽ സാനിറ്ററി യൂണിറ്റ് സ്ഥാപിക്കൽ | 156,323 | വികസന ഫണ്ട് (ജനറൽ) | 155,975/- 25/9.5.20 |
| 4 | 66/21: ഉദയപ്പാടം കുടിവെള്ള പദ്ധതി | 450,000 | വികസന ഫണ്ട് (CFC) | 124,061/- 95/16.3.21 |
| | ആകെ | 1256323 | | 680410 |

കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് {നം.27(2)/22.10.21} മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയൽ ഹാജരാക്കാത്ത സാഹചര്യത്തിൽ ₹680,410/- തടസപ്പെടുത്തുന്നു.

1-30 പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് - പ്രവൃത്തി പൂർത്തീകരിച്ച് വരുമാനം ഉറപ്പാക്കണം

2019-20 വർഷം അവിഷ്കരിച്ച് സ്പിൽ ഓവറായി 2020-21ൽ അവസാന ബിൽ നൽകിയ പ്രൊജക്ട് നം.239/21: പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണം എന്ന പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പ്ലമ്പിങ്ങ് , ടോയ്‌ലറ്റ് ഫിറ്റിങ്ങ്സ് ഇവ ഒഴിവാക്കിയാണ് നടത്തിയിരിക്കുന്നത്. ഇലക്ട്രിക്കൽ പ്രവൃത്തികൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. കരാർ പ്രകാരം 12 മാസമാണ് പൂർത്തീകരണസമയം അനുവദിച്ചത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ഈ പ്രൊജക്ടിന്റെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പറും പേരും | 239/21(101/20): പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം |
| അടങ്കൽ / ഫണ്ടിനം | 6,000,000/- (തനത് ഫണ്ട്) |
| എഗ്രിമെന്റ് വിവരങ്ങൾ | 76/27.12.19 |
| എഗ്രീഡ് PAC | 4,300,951/- |
| കരാറുകാരന്റെ പേര് | അമീർ. ഒ.എം. |
| ചെലവ് തുക/ തുക കൈമാറിയ തീയ്യതി | 5,072,666/- ( 2100902/- Final Bill - 10.3.21 2971764/- Part Bill - 19.8.20) |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സൈറ്റ് കണ്ടീഷനിൽ വ്യത്യാസം വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതിനാൽ പ്ലമ്പിങ്ങ് , ടോയ്‌ലറ്റ് ഫിറ്റിങ്ങ്സ്

എന്നീ പ്രവൃത്തികൾക്ക് തുക മതിയായി വന്നില്ല എന്നും ബാക്കിയായ ഇനങ്ങൾ ഉൾപ്പെടുത്തിയുള്ള പ്രൊജക്ടിന് അടുത്ത ഡി.പി.സിയിൽ അംഗീകാരം വാങ്ങുന്നതായിരിക്കും എന്നും പരാമർശിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് 2020-21ൽ പ്രൊജക്ട് വെച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

തനതു ഫണ്ടിൽ നിന്നും ₹6,000,000/- (അറുപത് ലക്ഷം) വകയിരുത്തി 27.12.19 ന് കരാർ ഒപ്പുവെച്ച പദ്ധതിക്കായി ₹5,000,000/- ചെലവഴിച്ചിട്ടും സിവിൽ പ്രവൃത്തി പൂർകരിക്കുന്നതിനുള്ള നടപടികൾ ഇതുവരെയായിട്ടില്ല. കരാർ പ്രകാരം 26.12.2020ന് ഇലക്ട്രിക്കൽ ഇനങ്ങളൊഴികെ മറ്റെല്ലാം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കുന്നതിനാവശ്യമായ പ്രൊജക്ടിന് അംഗീകാരം ലഭ്യമാക്കുകപോലും ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരണം വൈകുന്തോറും കെട്ടിടത്തിൽ നിന്നും വാടകയിനത്തിൽ ലഭ്യമാവേണ്ട തുക നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പ്രവൃത്തി പൂർത്തീകരിച്ച് കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വാർഷികധനകാര്യപത്രിക പരിശോധിച്ച് തയ്യാറാക്കിയ സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് ചേർത്തിട്ടുണ്ട്.

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 17.10.2021 & 18.10.2021 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |
| പാലക്കാട് | 2018-19 | 370588 | ലൈഫ് ഭവന പദ്ധതി - ജനറൽ | | 370588 |

| | | | | | |
|---|---|---|---|---|---|
| | 2016-17 | 2382900 | മാലിന്യ സംസ്കരണം | 0 | 2382900 |
| | 2019-20 | 1129412 | 178/20: ലൈഫ് ഭവന പദ്ധതി - എസ്.സി.പി | | 1129412 |
| | 2019-20 | 483905 | 22/20: ലൈഫ് ഭവന പദ്ധതി - ജനറൽ | | 483905 |
| | 2020-21 | 156800 | 149/21: ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 156800 | 0 |
| | 2019-20 | 45840 | 8/20: പാലിയേറ്റീവ് കെയർ | 0 | 45840 |
| | 2020-21 | 443245 | 148/21: ലൈഫ് ഭവന നിർമ്മാണം | 443245 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1050700 | 128/21: നെൽകൃഷിക്ക് കൂലിച്ചെലവ് | 1050700 | 0 |
| | 2020-21 | 611300 | 170/21: നെൽകൃഷിക്ക് കൂലിച്ചെലവ് | 611300 | 0 |
| | 2020-21 | 189000 | 278/21: സുഭിക്ഷ കേരളം പദ്ധതി - തരിശ് ഭൂമിയിൽ നെൽകൃഷി | 189000 | 0 |
| | 2020-21 | 71400 | 279/21: സുഭിക്ഷ കേരളം പദ്ധതി - തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി | 71400 | |
| | 2020-21 | 173962 | 2/21: പാലിയേറ്റീവ് കെയർ | 173962 | |
| | 2020-21 | 98900 | 305/21: വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ജനറൽ | 98900 | |
| | 202-21 | 197800 | 305/21: | 197800 | |

| | | | | | |
|---|---|---|---|---|---|
| | | | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - എസ്.സി | | |
| ആകെ - ബ്ലോക്ക് പഞ്ചായത്ത് | | 7405752 | | 2993107 | 4412645 |
| | | | | | |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 | 960640 | 128/21: നെൽകൃഷിക്ക് കൂലിച്ചെലവ് | 960640 | 0 |
| | 2020-21 | 1336480 | 170/21: നെൽകൃഷിക്ക് കൂലിച്ചെലവ് | 1336480 | 0 |
| | 2020-21 | 250000 | 149/21: ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ആകെ - ജില്ലാ പഞ്ചായത്ത് വിഹിതം | | 2547120 | | 2547120 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2,760,000രൂപ വരവുണ്ട്. മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക തൻ വർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് - KURDFC- | 2,760,000 | 24776756 | 2825059 | 0 | 24711697 |

| വായ്പ | | | | | |
|---|---|---|---|---|---|

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000,000 |
| തൻവർഷം നിക്ഷേപിച്ച തുക | 11,581,250 |
| ആകെ | 21581250 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 10,000,000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11581250 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക് | 22.04.2020 | 23 മാസം | 11,581,250 |
| ആകെ | | | | 11,581,250 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ₹122297/- വരവുണ്ട്. ഓഡിററ് റിക്കവറി എന്ന ഹെഡിലല്ല വരവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രൊഫഷൻ ടാക്സ്, ഫൈൻ തുടങ്ങിയ ഹെഡിലാണ് തുക വരവു വെച്ചത്. ഓഡിറ്റ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നത്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-11 | 2160 | ലഭ്യമായിട്ടില്ല | 120010102841/3.11.20 |
| 2018-19 | 1-11 | 1830 | ലഭ്യമായിട്ടില്ല | 120010100770/3.11.20 |
| 2018-19 | 1-11 | 1830 | ലഭ്യമായിട്ടില്ല | 120010100775/3.11.20 |
| 2018-19 | 1-14 | 1325 | ഗണേശൻ | 120010104696/17.2.21 |
| 2018-19 | 1-14 | 1437 | ജ്യോതി പി.ജി | 120010103874/22.1.21 |
| 2018-19 | 1-14 | 3442 | രാജേഷ്, സുരേഷ് | 6084511001324/3.3.21 |
| 2018-19 | 1-14 | 1313 | സുഹറ | 51/64243/30.3.21 |
| 2018-19 | 1-14 | 1396 | സുഹറ | 52/64243/30.3.21 |

| | | | | |
|---|---|---|---|---|
| 2018-19 | 1-14 | 1323 | സുഹറ | 53/64243/30.3.2 |
| 2018-19 | 1-18 | 6511 | സുരേഷ് കുമാർ | 120010102737/23.10.20 |
| 2018-19 | 1-18 | 2450 | ദേവദാസ് കെ | 120010104715/18.2.21 * |
| 2018-19 | 1-18 | 5338 | ദേവദാസ് കെ | 120010104715/18.2.21 * |
| 2018-19 | 1-18 | 4048 | ശശി ജി | 120010103138/19.11.20** |
| 2018-19 | 1-18 | 6028 | ശശി ജി | 120010103138/19.11.20** |
| 2018-19 | 1-18 | 5179 | കൃഷ്ണൻ കുട്ടി | 120010102712/21.10.20# |
| 2018-19 | 1-18 | 7431 | കൃഷ്ണൻ കുട്ടി | 120010102712/21.10.20# |
| 2018-19 | 1-18 | 1547 | കൃഷ്ണൻ കുട്ടി | 120010102712/21.10.20# |
| 2018-19 | 1-18 | 7933 | ശിവദാസ് പി.കെ | 120010900025/18.2.21@ |
| 2018-19 | 1-18 | 27546 | ശിവദാസ് പി.കെ | 120010900025/18.2.21@ |
| 2018-19 | 1-18 | 4578 | ശിവദാസ് പി.കെ | 120010900025/18.2.21@ |
| 2018-19 | 1-18 | 4397 | സുന്ദരൻ. കെ | 120010102687/19.10.20 |
| 2018-19 | 1-18 | 1078 | കൃഷ്ണൻ കുട്ടി | 12001012712/21.10.20# |
| 2018-19 | 1-18 | 1871 | കൃഷ്ണൻ കുട്ടി | 12001012712/21.10.20# |
| 2018-19 | 1-19 | 2203 | സുരേഷ് കുമാർ | 120010102703/23.10.20## |
| 2018-19 | 1-19 | 2696 | സുരേഷ് കുമാർ | 120010102703/23.10.20## |
| 2018-19 | 1-19 | 2476 | ശശി ജി | 120010103138/19.10.20@@ |
| 2018-19 | 1-19 | 2474 | ശശി ജി | 120010103138/19.10.20@@ |
| 2018-19 | 1-19 | 2696 | ശിവദാസ് പി.കെ | 120010190025/18.2.21 |
| 2018-19 | 1-20 | 1205 | കൃഷ്ണൻ കുട്ടി | 12001012713/21.10.20$ |
| 2018-19 | 1-20 | 2026 | കൃഷ്ണൻ കുട്ടി | 12001012713/21.10.20$ |
| 2018-19 | 1-20 | 1855 | കൃഷ്ണൻ കുട്ടി | 12001012713/21.10.20$ |
| 2018-19 | 1-20 | 2675 | ശിവദാസ് പി.കെ | 120010900025/18.2.21 |
| ആകെ | | 122297 | | |

1. ഖണ്ഡിക 1-18ൽ തിരിച്ചടക്കാൻ ആവശ്യപ്പെട്ട മുഴവൻ തുകയും (₹85935) അടവാക്കിയിട്ടുണ്ട്.

2. ഖണ്ഡിക 1-19ൽ തിരിച്ചടക്കാൻ ആവശ്യപ്പെട്ട മുഴവൻ തുകയും (₹12545) അടവാക്കിയിട്ടുണ്ട്.

3. ഖണ്ഡിക 1-20ൽ തിരിച്ചടക്കാൻ ആവശ്യപ്പെട്ട മുഴവൻ തുകയും (₹7761) അടവാക്കിയിട്ടുണ്ട്.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ കൊടുമ്പ് ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ റിപ്പോർട്ടുകളിലെ

പരാമർശങ്ങളൊന്നും ഉൾപ്പെട്ടിട്ടില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് /സർച്ചാർജ്ജ് നടപടികളിലൂടെ ഓഡിറ്റ് വർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 25,181,033 |
| ഓഡിറ്റ് വർഷത്തെ വരവ് | 85765587 |
| ആകെ | 110946620 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 96717498 |
| നീക്കിയിരിപ്പ് | 14229122 |
| വരവിനങ്ങലിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 1261223 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 4,900 | കാഞ്ചന. കെ, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-29 | 1,256,323 | രചന. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1261223 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| കാഞ്ചന. കെ, സെക്രട്ടറി ഇൻ ചാർജ്ജ് | സെക്രട്ടറി, പെരുമാട്ടി ഗ്രാമ പഞ്ചായത്ത് | കിഴക്കേതിൽ വീട്, ആവണിപ്പാടം, അംബികാപുരം പോസ്റ്റ്, പാലക്കാട് - 678011 |
| രചന. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൊടുമ്പ് ഗ്രാമ പഞ്ചായത്ത് | രചനാലയം, കലിപ്പാടം പോസ്റ്റ്, പാലക്കാട്-679122 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ-പികെഡി-14/838/2018 തിയതി 22-11-2018 (അദാലത്ത്) | 4 |
| 1997-98 | | 2 |
| 1998-99 | | 2 |
| 1999-2000 | | 2 |
| 2000-01 | | 1 |
| 2001-02 | | 8 |
| 2002-03 | | 10 |
| 2003-04 | | 4 |
| 2004-05 | | 4 |
| 2005-06 | | 1 |
| 2006-07 | | 2 |
| 2007-08 | LF.P15-1749/11/26.12.11 | 6 |
| 2008-09 | LF.P15-1605/12/ 23.12.12 | 6 |
| 2009-10, 2010-11 | LF.P15-946/14/ 03.09.14 | 16 |
| 2011-12 | LF.P15-946/14/ 03.09.14 | 6 |
| 2012-13 | LF.P15-2250/14/09.03.15 | 11 |
| 2013-14, 2014-15 | KSAPKD15/591/2016 | 22 |
| 2015-16 | KSAPKD14-24/2017 | 19 |
| 2016-17 | നം.കെ.എസ്.എ-പികെഡി14/1039 | 22 |

| | | |
|---|---|---|
| | /2017/07.06.2017 | |
| 2017-18 | നം.കെ.എസ്.എ-പികെഡി14/786 /2019തിയതി.28.06.2019 | 20 |
| 2018-19 | നം.കെ.എസ്.എ-പികെഡി14/580/2020 തീയതി: -09.06.2020 | 24 |
| 2019-20 | നം.കെ.എസ്.എ-പികെഡി14/301/2022 തീയതി: 14/03/2022 | 31 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## വാർഷിക ധനകാര്യ പത്രികകൾ

| | | | |
|---|---|---|---|
| Kodumba Grama BALANCE SHEET | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 28332190.65 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 77229111.00 |
| | Total Reserve & Surplus | | 105561301.65 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9283702.00 |
| | Total Grants, Contributions for Specific Purposes | | 9283702.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 24711697.00 |
| | Total Loans | | 24711697.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 422038.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1576659.35 |
| | Total Current Liabilities and Provisions | | 1998697.35 |
| | TOTAL LIABILITIES | | 141555398.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 86783685.00 |
| 411000000 | Accumulated Depreciation | B-11 | -9921470.00 |
| 412000000 | Capital Work in Progress | B-11(a) | 3816452.00 |
| | Total Fixed Assets | | 80678667.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 11581250.00 |
| | Total Investments | | 11581250.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 10132715.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 24711697.00 |
| 450000000 | Cash and Bank Balance | B-17 | 14229122.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 221947.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 49295481.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 141555398.00 |
| | | | |

Kodumba Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 7365147.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 188108.00 |
| 140000000 | Fee & User Charges | I-4(b) | 2015270.00 |
| 150000000 | Sale & Hire Charges | I-5(b) | 257213.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 141409009.00 |
| 170000000 | Income from Investments | I-7 | 1581250.00 |
| 171000000 | Interest Earned | I-8 | 539952.00 |
| 180000000 | Other Income | I-9 | 14112.00 |
| | Total Income | | 153370061.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9731277.00 |
| 220000000 | Administrative Expenses | I-11(b) | 1542252.00 |
| 230000000 | Operations & Maintenance | I-12(b) | 4687320.00 |
| 240000000 | Interest & Finance Charges | I-13 | 1590.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9234170.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 53452444.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5245643.00 |
| 253000000 | Decentralised | I-14(c) | 260678.00 |

| | | | |
|---|---|---|---|
| | Plan Programme-Projects not included in Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 50401250.00 |
| 255000000 | Maintenance Projects | I-14(e) | 17791107.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 2500000.00 |
| | Total Expenditure | | 154847731.00 |
| | Gross Surplus/ Deficit of income over Expenditure | | -1477670.00 |
| 280000000 | Prior Period Item | I-18 | 36855.00 |
| | Gross Surplus/Deficit of Income over Expenditure after priorperiod items. | | -1514525.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Kodumbu Grama Panchayat Receipt & PaymentStatement

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25181033.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1444540.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 757870.00 |
| 150000000 | Sale & Hire Charges | RP-5 | 254403.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 63860162.00 |
| 171000000 | Interest Earned | RP-9 | 539952.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7644537.00 |
| 340000000 | Deposits Received | RP-34 | 24000.00 |
| 350000000 | Other Liabilities | RP-36 | 531758.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 180000000 | Other Income | RP-10 | 14112.00 |
| 330000000 | Secured Loans | RP-32 | 2760000.00 |
| 340000000 | Deposits Received | RP-34 | 170537.00 |
| 350000000 | Other Liabilities | RP-36 | 321049.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6314870.00 |
| 460000000 | Loans, Advances and Deposits | RP-47 | 1127797.00 |
| | Grand total | | 110946620.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2976062.00 |
| 220000000 | Administrative Expenses | RP-12 | 1542252.00 |
| 230000000 | Operations & Maintenance | RP-13 | 3783792.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 9234170.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 16631768.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 4552025.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 260678.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1791650.00 |
| 255000000 | Maintenance Projects | RP-20 | 16847367.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0.0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 2500000.00 |
| 280000000 | Prior Period item | RP-26 | -64170.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 833393.00 |
| 340000000 | Deposits Received | RP-34 | 18000.00 |
| 350000000 | Other Liabilities | RP-36 | 10590861.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1590.00 |
| 280000000 | Prior Period Item | RP-26 | -12130.00 |
| 340000000 | Deposits Received | RP-34 | 156620.00 |
| 350000000 | Other Liabilities | RP-36 | 1862936.00 |
| 410000000 | Fixed Assets | RP-38 | 11671906.00 |

| | | | |
|---|---|---|---|
| 412000000 | Capital work in Progress | RP-40 | 3816452.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5593857.00 |
| 460000000 | Loans, Advances and Deposits | RP-47 | 2128419.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 14202355.00 |
| Cash | Cash | RP-40(b) | 26767.00 |
| | Grand Total | | 110946620.00 |

ഡെപ്യൂട്ടി ഡയറക്ടർ